# Diploma in Education (D.Ed) Examination

## S1 P1 - ശിശുവികാസവും പഠനവും

Max Score: 60

Total : 2 Hours
Cool off time: 15 Minute

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. 'എലിമെന്റലിസം' - ഈ സംജ്ഞയുമായി ബന്ധപ്പെടുത്താവുന്ന വിദ്യാഭ്യാസ ദാർശനികൻ ആര് ?
   a) റെനെദെക്കാർത്തെ, b) അരിസ്റ്റോട്ടിൽ, c) സിഗ്മണ്ട് ഫ്രോയ്ഡ്, d) പിയാഷെ
2. വ്യവഹാരത്തെ സജീവമാക്കുകയും നിലനിർത്തുകയും ചെയ്യുന്ന അവസ്ഥയാണ്.
   a) അഭിക്ഷമ, b) അഭിപ്രേരണ, c) ശ്രദ്ധ, d) ബുദ്ധി
3. ഒരു വ്യക്തിയുടെ വൈജ്ഞാനിക ഘടനയിലെ ഓരോ വിജ്ഞാനാംശങ്ങളെയും ........... എന്നു പറയുന്നു.
   a) സംസ്ഥാപനം, b) സ്വാംശീകരണം, c) സ്ക്കീമ, d) അനുകൂലനം
4. ശ്രമപരാജയ സിദ്ധാന്തം ആരുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   a) ബി.എഫ്.സ്ക്കിന്നർ, b) ജെ.ബി.വാട്സൻ, c) തോൺഡൈക്ക്, d) പിയാഷെ
5. 'വികസന പ്രവൃത്തി' എന്ന ആശയം മുന്നോട്ട് വച്ചതാര് ?
   a) റോബർട്ട് ഹാവിഗേസ്റ്റ്, b) കാൾറോജേഴ്സ്, c) അബ്രഹാംമാസ്ലോ, d) എലിസബത്ത് ഹർലോക്ക്

**(6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഒരു വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 1 വീതം)**

6. ZPD എന്നാൽ എന്തെന്ന് വിശദമാക്കുക
7. ഗ്രൂപ്പുകളിൽ ഒരു വ്യക്തിയുടെ സാമൂഹ്യബന്ധത്തിന്റെ അളവ് നിശ്ചയിക്കാൻ ഉപയോഗിക്കുന്ന ഉപാധിയേത്?
8. ലക്ഷ്യത്തോട് കൂടിയുള്ള ഘട്ടം ഘട്ടമായചിന്താ പ്രക്രിയയെ..................... എന്നു വിളിക്കാം.
9. കാൾ റോജേഴ്സിന്റെ മനശാസ്ത്ര സമീപനം ........................ എന്ന പേരിൽ അറിയപ്പെടുന്നു. ?
10. ബ്രിഡ്ജസ് ചാർട്ട് ഏത് വികാസ മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു.

**(11 മുതൽ 15 വരെ ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 2 വീതം)**

11. 'പരിപക്വനം' എന്നാലെന്ത് ? ഇത് വികാസവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ?
12. വൈകാരിക വികാസം പഠനത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നു.?
13. നിരീക്ഷണാത്മക പഠനത്തിലെ വിവിധ പ്രക്രിയകൾ ഏതെല്ലാം ?
14. ബ്രൂണർ വ്യക്തമാക്കുന്ന ആശയ രൂപീകരണ ഘട്ടങ്ങൾ ഏതെല്ലാം ?
15. ഗസ്റ്റാൾട്ട് മനശാസ്ത്രത്തിന്റെ വിദ്യാഭ്യാസപരമായ പ്രസക്തി ചുരുക്കി എഴുതുക.

**(16 മുതൽ 25 വരെ ചോദ്യങ്ങൾക്ക് 50 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.)**

16. 'ഒരു കുട്ടിയുടെ സാമൂഹ്യവികാസത്തിൽ കളികൾക്ക് പ്രധാന സ്ഥാനമാണുള്ളത്.' വിശദമാക്കുക.
17. കുട്ടിയുടെ ശാരീരിക വികസനവുമായി ബന്ധപ്പെട്ട് എലിസബത്ത് ഹർലോക്കിന്റെ പ്രധാന നിരീക്ഷണങ്ങൾ എന്തെല്ലാം ?
18. 'വിദ്യാഭ്യാസ മനശാസ്ത്രം ഒരു പ്രയുക്ത മനശാസ്ത്ര ശാഖയാണ്.' സമർത്ഥിക്കുക.
19. 'പഠനത്തിന്റെ ആത്യന്തിക ലക്ഷ്യം പ്രശ്ന പരിഹാരമാണ്.' ഈ പ്രസ്താവനയെ വിശകലനം ചെയ്ത് ഒരു കുറിപ്പ് തയ്യാറാക്കുക.
20. വിവരവിശകലന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ പഠനം നടക്കുന്നത് എങ്ങിനെയെന്ന് വിശദമാക്കുക.
21. സാൻമാർഗ്ഗിക വിദ്യാഭ്യാസത്തിൽ അധ്യാപകന്റെ പങ്ക് വിശദമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.
22. 'വളർച്ചയും വികാസവും' എന്ന വിഷയത്തിൽ താരതമ്യ കുറിപ്പ് തയ്യാറാക്കുക.
23. ക്ലാസ്റൂം പഠനപ്രക്രിയയിൽ ക്രിയാഗവേഷണത്തിന്റെ പ്രാധാന്യം എന്ത് ?
24. സഹവർത്തിത പഠനം, സഹകരണാത്മക പഠനം ഇവയുടെ വിദ്യാഭ്യാസപരമായ പ്രസക്തി എന്ത് ?
25. കുട്ടികളിൽ അതീത ചിന്ത വളർത്തിയെടുക്കാൻ അധ്യാപകൻ എന്ന നിലയിൽ നിങ്ങൾക്ക് എങ്ങനെയെല്ലാം ഇടപെടാൻ കഴിയും ? വിശദമാക്കുക.

**(26, 27 ചോദ്യങ്ങൾക്ക് 200 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 5 സ്കോർ വീതം)**

26. 'പഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ'എന്ന വിഷയവുമായി ബന്ധപ്പെട്ട ചാനൽ ചർച്ചയിൽ നിങ്ങൾ ഉന്നയിക്കുന്ന പ്രധാന ആശയങ്ങൾ ഏതെല്ലാമായിരിക്കും ? വിശദമാക്കുക.
27. 'ദൃശ്യമാധ്യമങ്ങൾ കുട്ടിയുടെ സാമൂഹ്യവികാസത്തെ സ്വാധീനിക്കുന്നു'. ഈ പ്രസ്താവനയെ ആൽബർട്ട് ബന്ദൂരയുടെ സാമൂഹ്യവികാസ സങ്കൽപവുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യുക.

# Diploma in Education (D.Ed) Examination
## S1 P1 - ശിശുവികാസവും പഠനവും

Max Score: 60 | Total : 2 Hours
Cool off time: 15 Minute

**നിർദ്ദേശങ്ങൾ**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
- ആദ്യത്തെ 15 മിനിറ്റ് (സമാശ്വാസം സമയം) ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ച് മനസ്സിലാക്കുന്നതിന് ഉപയോഗിക്കുക.

---

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളോ പ്രസ്താവന പൂരിപ്പിക്കാനുള്ള പദങ്ങളോ തെരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. 'ഭാഗങ്ങളുടെ ആകെ തുകയേക്കാൾ മെച്ചപ്പെട്ടതാണ് അതിന്റെ സമഗ്രത' ഇത് ഏത് സിദ്ധാന്തത്തിന്റെ കേന്ദ്രാശയമാണ്. ?
   a) ഘടനാവാദം, b) ഗസ്റ്റാൾട്ട് സിദ്ധാന്തം, c) മാനവികതാവാദം, d) കണ്ടെത്തൽപഠനം
2. അസാധാരണ മാനസിക പ്രശ്നം അനുഭവിക്കുന്ന വ്യക്തികളെക്കുറിച്ച് ആഴത്തിലും സമഗ്രമായും പ്രശ്നപരിഹാരത്തെ മുൻനിർത്തിയും നടത്തുന്ന പഠനമാണ്.
   a) സമൂഹമിതി, b) ഏകവ്യക്തിപഠനം, c) ക്രിയാഗവേഷണം, d) സഞ്ചിതരേഖാ പഠനം
3. ക്രിയാഗവേഷണത്തിന്റെ ഉപജ്ഞാതാവ് ആരാണ് ?
   a) സ്റ്റീഫൻ.എം.കോറി, b) ജെ.എൽ.മൊറീനോ, c) ജെ.ബി.വാട്സൺ, d) ജീൻ പിയാഷെ
4. താഴെ കൊടുത്തിരിക്കുന്നവയിൽ വികാസത്തെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവനയേത് ?
   a) വികാസം അനുസ്യൂത പ്രക്രിയയാണ്, b) വികാസം പാരിമാണികമാണ്, c) വികാസം ആന്തരിക പ്രക്രിയയാണ്, d) വികാസം സഞ്ചിത സ്വഭാവത്തോട് കൂടിയതാണ്.
5. താഴെ പറയുന്നവയിൽ വൈഗോഡ്സ്കിയുമായി ബന്ധപ്പെട്ട ആശയം ഏതാണ് ?
   a) ആശയാദാനമാതൃക, b) മാനവികതാവാദം, c) അനുരൂപീകരണം, d) പ്രതിക്രിയാധ്യാപനം

**(6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക. 1 സ്കോർ വീതം)**

6. ശിശു വികാസത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാം ?
7. ഒരു പ്രതികരണത്തിന്റെ ആവർത്തനത്തിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിനെയാണ് .....................എന്നു പറയുന്നത്.
8. വ്യവഹാരത്തെ സജീവമാക്കുകയും നിലനിർത്തുകയും ചെയ്യുന്ന അവസ്ഥയാണ്...................
9. എബ്രഹാം മാസ്ലോയുടെ സിദ്ധാന്തമനുസരിച്ച് മനുഷ്യാവശ്യങ്ങളുടെ ശ്രേണിയിൽ ഏറ്റവും ഉയർന്ന ഘട്ടം ഏതാണ് ?
10. വിവര വിശകലന സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ പഠനപ്രക്രിയ നടക്കുന്നതെങ്ങനെയാണ് ?

**(11 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം)**

11. ഭയം, ഉത്കണ്ഠ എന്നിവ കുട്ടികളിൽ സാധാരണ കണ്ടുവരുന്ന വികാരങ്ങളാണ്. ഇവയുടെ കാരണങ്ങൾ എങ്ങനെ വ്യത്യാപ്പെട്ടിരിക്കുന്നുവെന്ന് വിശദമാക്കുക.
12. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കായിക വിദ്യാഭ്യാസം നിർബന്ധിതമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ മനശാസ്ത്രപരമായ അടിത്തറ എന്ത് ?
13. കുട്ടികളുടെ ശ്രദ്ധ നിലനിർത്തുവാൻ കഴിയുന്ന രണ്ട് ക്ലാസ്റൂം പ്രവർത്തനങ്ങൾ നിർദ്ദേശിക്കുക.
14. സമ്മാനം, ധനപ്രബലനം ഇവ തമ്മിലുള്ള വ്യത്യാസം വിശദമാക്കുക.
15. നിലവിലുള്ള പാഠപുസ്തകം തയ്യാറാക്കിയിരിക്കുന്നത് ചാക്രികാരോഹണ രീതി അവലംബിച്ചു കൊണ്ടാണ്. രേഖീയ രീതിയിൽ നിന്ന് ഇതെങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. ?

**(16 മുതൽ 25 വരെ ചോദ്യങ്ങളുടെ ഉത്തരം അരപേജിൽ കവിയാതെ എഴുതുക. 3 സ്കോർ വീതം.)**

16. പഠന പ്രബോധന പ്രക്രിയയിൽ വിദ്യാഭ്യാസ മന:ശാസ്ത്രത്തിന്റെ പങ്ക് എത്രമാത്രമെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

17. ബ്രൂണറുടെ ആശയ രൂപീകരണ പ്രക്രിയ ഉദാഹരണ സഹിതം വ്യക്തമാക്കുക.
18. 'പാരമ്പര്യവും പര്യാവരണവും കുട്ടിയുടെ വികാസത്തെ വളരെയേറെ സ്വാധീനിക്കുന്നു.' ഈ അഭിപ്രായ ത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ. വിശദമാക്കുക.
19. കാതറിൻ ബ്രിഡ്ജസിന്റെ വൈകാരികവികസനത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാം? വിശദമാക്കുക.
20. ആധുനിക പഠനബോധന പ്രക്രിയയിൽ വളരെ പ്രധാനപ്പെട്ട ഒരു ആശയമാണ് വികസനത്തിന്റെ സമീപസ്ഥ മണ്ഡലം (ZPD) ഇവിടെ അധ്യാപകന്റെ പങ്ക് വിശദമാക്കുക.
21. റോബർട്ട് ഹാവിഗസ്റ്റിന്റെ വികസന പ്രവൃത്തിയനുസരിച്ച് ബാല്യകാലഘട്ടത്തിലെ പ്രത്യേകതകൾ ഏവ ? ഈ അറിവ് അധ്യാപകനെ എങ്ങനെ സഹായിക്കും.
22. തോൺഡേക്കിന്റെ പഠന നിയമങ്ങളുടെ വിദ്യാഭ്യാസപരമായ പ്രസക്തിയെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ച പ്പാട് വിശദമാക്കുക.
23. ജീൻ പിയാഷെയുടെ അഭിപ്രായത്തിൽ കുട്ടിയെ പഠനത്തിലേക്ക് നയിക്കുന്നത് അസന്തുലിതാവസ്ഥയിൽ നിന്നാ ണ്. അസന്തുലിതാവസ്ഥയിൽ നിന്ന് സന്തുലിതാവസ്ഥയിലേക്ക് എത്തുന്ന പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ വിശകലനം ചെയ്യുക.
24. റേറ്റിംഗ് സ്കെയിൽ എന്നാലെന്ത് ? ഉദാഹരണ സഹിതം വ്യക്തമാക്കുക.
25. 'ദൃശ്യമാധ്യമങ്ങൾ കുട്ടികളുടെ സാമൂഹിക വികാസത്തെ സ്വാധീനിക്കുന്നുണ്ട്,' ആൽബർട്ട് ബന്ദൂരയുടെ വികാസ സങ്കൽപങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രസ്താവനയെ വിലയിരുത്തുക.

**(26, 27 ചോദ്യങ്ങളുടെ ഉത്തരം 200 വാക്കിൽ കവിയാതെ എഴുതുക. 5 സ്കോർ വീതം)**

26. അഭിപ്രേരണ, അഭിക്ഷമത, പാകത, പഠനശൈലി, ശ്രദ്ധ എന്നീ ഘടകങ്ങൾ പഠനത്തെ എങ്ങനെ സ്വാധീനിക്കു ന്നുവെന്ന് വിശദമാക്കുക.
27. നൈതിക വികാസവുമായി ബന്ധപ്പെട്ട് കോൾബർഗ്ഗ് അവതരിപ്പിക്കുന്ന ഒരു കഥയാണ് 'ഹെയിൻസ് ഡില്ലമ' ഈ കഥയെ സമകാലിക സംഭവങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിക്കുക.

# Diploma in Education (D.Ed) Examination

## S1 P2 - പാഠ്യപദ്ധതിയും ബോധനശാസ്ത്രവും

Max Score: 60

Total : 2 Hours
Cool off time: 15 Minute

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. സംവാദാത്മക പ്രവർത്തനത്തിൽപ്പെടാത്ത പഠനപ്രവർത്തനമേത് ?
   a) പ്രോജക്ട്, b) ചർച്ച, c) സെമിനാർ, d) ചോദ്യോത്തരപ്പയറ്റ്
2. സംഘപഠന പ്രവർത്തനങ്ങളിൽ ഉപയോഗിക്കാനാകാത്ത മൂല്യനിർണയ പ്രവർത്തനം.
   a) അധ്യാപകന്റെ വിലയിരുത്തൽ, b) നിരന്തരവിലയിരുത്തൽ, c) ക്ലാസ് ടെസ്റ്റ്, d) സമസംഘവിലയിരുത്തൽ
3. ഒരു പ്രത്യേക സമൂഹത്തിന്റെ സാംസ്കാരിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ ഉപയോഗിക്കുന്ന ഗവേഷണ രീതി ഏത് ?
   a) എഥനോഗ്രാഫി, b) ചരിത്രപരമായ ഗവേഷണം, c) പ്രയുക്ത ഗവേഷണം, d) ക്രിയാഗവേഷണം
4. കമ്പ്യൂട്ടറിന്റെ ഇൻപുട്ട് ഉപകരണമേത് ?
   a) മോണിറ്റർ, b) കീബോർഡ്, c) പ്രിന്റർ, d) സ്പീക്കർ
5. ചിന്തയേക്കാൾ പ്രാധാന്യം പ്രവർത്തനത്തിനു നൽകുന്നവാദമേത് ?
   a) പ്രകൃതിവാദം, b) വ്യവഹാരവാദം, c) പ്രായോഗികവാദം, d) ആശയവാദം

**(6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഒരു വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 1 വീതം)**

6. സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര് ?
7. അധ്യാപകന്റെ പ്രകടന നൈപുണി വ്യക്തമാക്കുന്ന രണ്ട് ക്ലാസ്റൂം സന്ദർഭങ്ങളെഴുതുക.
8. 'ഫിലോസഫി' എന്ന പദത്തിന്റെ അർത്ഥം
9. KCFന്റെ പൂർണ്ണരൂപം എഴുതുക.
10. കുട്ടിയുടെ പഠന പ്രശ്നങ്ങൾക്ക് നിദാനമായ കാരണങ്ങൾ കണ്ടെത്തുന്നതിന് സഹായകമായ പരിശോധനാ ഉപാധി ഏത് ?

**(11 മുതൽ 15 വരെ ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 2 വീതം)**

11. ബോധന ശാസ്ത്രപരമായ ഉള്ളടക്ക ധാരണ അധ്യാപകന് എങ്ങനെയാണ് സഹായകമായിത്തീരുന്നത് ?
12. ദേശീയ പാഠ്യപദ്ധതി നിലവിലുള്ളപ്പോൾ പ്രാദേശിക പാഠ്യപദ്ധതിയുടെ ആവശ്യമുണ്ടോ ? നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.
13. തുറന്ന പുസ്തക പരീക്ഷ എന്താണ് ? അതിനെക്കുറിച്ച് നിങ്ങളുടെ നിലപാടെന്താണ് ?
14. അറിവു നിർമ്മാണ പ്രക്രിയ ശക്തിപ്പെടുത്തുന്നതിൽ സോഷ്യൽ നെറ്റ്‌വർക്കുകൾക്കുള്ള സ്ഥാനം വ്യക്തമാക്കുക.
15. BALA എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ? ഇതുമായി ബന്ധപ്പെട്ട് നിങ്ങളുടെ സ്കൂളിൽ എന്തെല്ലാം ക്രമീകരണങ്ങൾ നടത്താം ?

**(16 മുതൽ 25 വരെ ചോദ്യങ്ങൾക്ക് 50 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 3 വീതം)**

16. പാഠ്യപദ്ധതി ഒരു സാമൂഹ്യരേഖയാണ് എന്നുപറയാൻ കാരണമെന്ത് ?
17. പഠനബോധന പ്രക്രിയയിൽ മൂല്യനിർണ്ണയത്തേക്കാൾ വിലയിരുത്തലിന് പ്രാധാന്യമുണ്ടെന്നു പറയുന്നതെന്തുകൊണ്ട് ?
18. വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ പഠനബോധന പ്രക്രിയയിലുള്ള അധ്യാപകന്റെ പങ്ക് കുറച്ചു കളഞ്ഞുവെന്ന് ആവലാതിപ്പെടുന്നവരോട് നിങ്ങൾ എങ്ങനെ പ്രതികരിക്കും. ?
19. പഠനബോധന പ്രക്രിയ ഫലപ്രദമാക്കുന്നതിൽ പാഠാസൂത്രണത്തിന്റെ പങ്ക് വ്യക്തമാക്കുക.?
20. ഒരു നല്ല അധ്യാപിക ഒരു ഗവേഷകകൂടിയായിരിക്കണം. നിങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ എന്തുകൊണ്ട്?
21. മൂല്യനിർണ്ണയത്തിനായി സ്വീകരിക്കുന്ന ഉപാധികളും തന്ത്രങ്ങളും ഏതെല്ലാം ?
22. ചെറിയ ക്ലാസുകളിൽ ഉത്ഗ്രഥിത പാഠ്യപദ്ധതി നടപ്പിലാക്കുന്നതിനോട് നിങ്ങൾക്കുള്ള അഭിപ്രായം ന്യായീകരിക്കുക.
23. ബ്ലൂപ്രിന്റ് എന്നാലെന്ത് ? ഇത് തയ്യാറാക്കാൻ ചെയ്യുന്ന ആസൂത്രണങ്ങൾ ഏതെല്ലാം ?
24. ഇ-ടീച്ചിംഗ് മാന്വൽ എന്നാലെന്ത് ? ഇതിലൂടെ പഠനം മെച്ചപ്പെടുത്തുന്നതെങ്ങനെ ?
25. ക്രിയ ഗവേഷണത്തിന്റെ ഘട്ടങ്ങൾ ഏതെല്ലാം ? വ്യക്തമാക്കുക.

**(26, 27 ചോദ്യങ്ങൾക്ക് 200 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 5 സ്കോർ വീതം)**

26. സമൂഹത്തെ അഭിലഷണീയമാം വിധം പരിവർത്തനം ചെയ്യുന്നതിനുള്ള ശക്തി സ്രോതസ്സായിരിക്കും പാഠ്യപദ്ധതി- ഈ പ്രസ്താവനയെ നിങ്ങൾ എങ്ങനെ ന്യായീകരിക്കും.
27. യൂണിറ്റാസൂത്രണം നടത്തിയതിന് ശേഷമാണ് ടീച്ചിംഗ് മാന്വൽ തയ്യാറാക്കുന്നതും പഠനപ്രവർത്തനം നടപ്പിലാക്കുന്നതും. യൂണിറ്റാസൂത്രണത്തിന്റെ പ്രസക്തിയും ഘട്ടങ്ങളും വിശദമാക്കുക.

# Diploma in Education (D.Ed) Examination

Max Score: 60 **S1 P2 - പാഠ്യപദ്ധതിയും ബോധനശാസ്ത്രവും** Total : 2 Hours

Cool off time: 15 Minute

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. താഴെ കൊടുത്തിരിക്കുന്നവയിൽ മൂല്യനിർണയോപാധി ഏത് ?
   a) ചെക്ക്ലിസ്റ്റ്, b) റേറ്റിംഗ് സ്കെയിൽ, c) സഞ്ചിതലേഖം, d) അഭിമുഖം
2. കഥ പറച്ചിലുമായി ബന്ധപ്പെട്ട ബോധനരീതി ഏത് ?
   a) അപഗ്രഥനരീതി, b) കളിരീതി, c) ആഖ്യാനരീതി, d) പ്രസംഗരീതി
3. താഴെ പറയുന്നവയിൽ വിവരവിനിമയ വിദ്യയുമായി ബന്ധപ്പെട്ട പഠന സാമഗ്രിയേത് ?
   a) OHP, b) ഗ്ലോബ്, c) ബുള്ളറ്റിൻബോർഡ്, d) വൈറ്റ് ബോർഡ്
4. ‘എന്തു പഠിക്കപ്പെടണമോ അതു ചെയ്തു പഠിക്കണം’ കൊമേനിയസിന്റെ ഈ വാക്യം താഴെ കൊടുത്തിരിക്കുന്നതിൽ ഏതിനോടാണ് കൂടുതൽ ഇണങ്ങുന്നത്.
   a) പ്രശ്നാധിഷ്ഠിത പാഠ്യപദ്ധതി, b) പ്രവർത്തനാധിഷ്ഠിതം, c) പ്രാപ്ത്യാധിഷ്ഠിതം, d) ഉദ്ദേശ്യാധിഷ്ഠിതം
5. ഒരു കുട്ടിയുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ഉപയോഗിക്കുന്ന സങ്കേതം ഏത് ?
   a) കേസ് സ്റ്റഡി, b) നിരീക്ഷണം, c) അഭിമുഖം, d) സർവ്വേ

**(6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഒരു വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 1 വീതം)**

6. ഐ.ടി.@ സ്കൂൾ ഉപയോഗിക്കുന്ന സിസ്റ്റം സോഫ്റ്റ്‌വെയർ ഏതാണ് ?
7. ലളിതമായതിൽ നിന്നും സങ്കീർണമായതിലേക്ക് എന്ന തത്വം ഉപയോഗിക്കപ്പെടുന്ന പഠനരീതി ഏത് ?
8. പ്രത്യേക ആവശ്യമുള്ള കുട്ടികളെ പരിഗണിച്ചുകൊണ്ട് പഠനോദ്ദേശ്യം, പ്രവർത്തനം, പഠനോപകരണം എന്നിവയിൽ വരുത്തുന്ന ക്രമീകരണങ്ങൾക്ക് പറയുന്ന പേരെന്ത് ?
9. കുട്ടിയുടെ പഠനപുരോഗതി രക്ഷിതാവിനെ അറിയിക്കാനായി തയ്യാറാക്കുന്ന റെക്കോഡിന്റെ പേരെന്ത് ?
10. ക്രിയാഗവേഷണത്തിന്റെ ഉപജ്ഞാതാവാര് ?

**(11 മുതൽ 15 വരെ ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 2 വീതം)**

11. നിഗീർണ പാഠ്യപദ്ധതി കുട്ടിയുടെ സാമൂഹ്യവൈകാരിക മേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഉദാഹരണ സഹിതം വ്യക്തമാക്കുക.
12. പ്രഭാഷണരീതി ഒരു ബോധനതന്ത്രമായി താഴ്ന്ന ക്ലാസുകളിൽ ഉപയോഗിക്കാൻ പാടില്ല. ഇതിനോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? എന്തുകൊണ്ട് ?
13. അധ്യാപക വിദ്യാർത്ഥികൾ ഇംഗ്ലീഷ് പഠനത്തിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ വെളിച്ചത്തിൽ ‘സാമ്പിൾ’, ‘പോപ്പുലേഷൻ’ എന്നീ പദങ്ങൾ വിശദമാക്കുക.
14. വിലയിരുത്തലിന്റെ മൂന്ന് പ്രക്രിയകൾ എന്തെല്ലാം ?
15. ഡിജിറ്റൽ പോർട്ടുഫോളിയോ എന്നാൽ എന്ത് ? ഉദാഹരണസഹിതം എഴുതുക.

**(16 മുതൽ 25 വരെ ചോദ്യങ്ങൾക്ക് 50 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 3 വീതം)**

16. ശിശു സൗഹൃദപരമായ പഠനാന്തരീക്ഷം സൃഷ്ടിക്കാൻ ക്ലാസുമുറിയിൽ പാലിക്കേണ്ട കാര്യങ്ങൾ എന്തൊക്കെ?
17. ഇടയ്ക്കിടെ പാഠ്യപദ്ധതി മാറുന്നതിനെതിരെ ആവലാതിപ്പെടുന്ന രക്ഷിതാവിനോട് നിങ്ങളുടെ നിലപാട് വ്യക്തമാക്കുക.
18. കാമ്പുപാഠ്യപദ്ധതി എന്നാൽ എന്ത് ? ഇതിൽ ഉൾപ്പെടുന്ന ഏതെങ്കിലും 5 മേഖലകൾ എഴുതുക.
19. ഒരു നല്ല ശോധകന്റെ ഗുണങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുക.
20. ക്രിയാഗവേഷണം അടിസ്ഥാന ഗവേഷണത്തിൽ നിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.
21. നിങ്ങളുടെ സ്കൂളിൽ ‘വായനാദിനാചരണം’ നടക്കുന്നു. അതിന്റെ ചുമതല നിങ്ങൾക്കാണെങ്കിൽ ICTയുടെ സാധ്യത ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കും.
22. പഠനത്തെപ്പോലെ തന്നെ പ്രധാനപ്പെട്ടതാണ് വിലയിരുത്തലും ഈ അഭിപ്രായത്തിന്റെ സാംഗത്യം വ്യക്തമാക്കുക.
23. സംഘപഠനം ഫലപ്രദമാക്കുന്നതിന് ഒരധ്യാപിക എന്ന നിലയിൽ നിങ്ങൾ എന്തൊക്കെ ഇടപെടലുകൾ നടത്തും?
24. പഠന പ്രവർത്തനങ്ങൾ തയ്യാറാക്കുമ്പോൾ പരിഗണിക്കുന്ന പ്രധാന ഘടകങ്ങൾ ഏതൊക്കെ ? വിശദീകരിക്കുക.
25. പഠനബോധന പ്രക്രിയയിൽ ഗവേഷണത്തിന്റെ സ്ഥാനം എന്താണ് ?

**(26, 27 ചോദ്യങ്ങൾക്ക് 200 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 5 സ്കോർ വീതം)**

26. ഒരു മികച്ച അധ്യാപകനായിത്തീരാൻ എന്തൊക്കെ നൈപുണികളാണ് നിങ്ങളിലുണ്ടാകേണ്ടത് എന്ന് വിശദീകരിക്കുക.
27. “വിലയിരുത്തൽ നിരന്തരവും സമഗ്രവും ആകുമ്പോഴേ പഠനം ഫലപ്രദമാകൂ.” ബോധനശാസ്ത്രപരമായി ഈ ആശയത്തെ വിശദീകരിക്കുക.

# Diploma in Education (D.Ed) Examination

## S1 P3 - മലയാളം - ചരിത്രം, ഘടന, സാമൂഹ്യ പശ്ചാത്തലം

Max Score: 60 Total : 2 Hours

Cool off time: 15 Minute

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.)**

1. പാട്ടു പ്രസ്ഥാനത്തിലെ ആദ്യത്തെ കൃതിയായി പരിഗണിക്കുന്നത്. ?
(ചന്ദ്രോത്സവം, രാമചരിതം, തിരുനിഴൽമല, കൃഷ്ണഗാഥ)
2. ഒരു പദത്തിലെ പ്രധാന അർത്ഥത്തെ സൂചിപ്പിക്കുന്ന രൂപിമമാണ് ?
(സ്വനം, ധാതു, പ്രത്യയം, സന്ധി)
3. കേരള പാണിനി എന്നറിയപ്പെടുന്നതാര് ?
(കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, എ.ആർ.രാജരാജ വർമ്മ, ബ്ലൂംഫീൽഡ്, നോംചോംസ്കി)
4. മലയാളത്തിലെ ആദ്യത്തെ വ്യാകരണ ഗ്രന്ഥമാണ്
(കേരള പാണിനീയം, ഭാഷാകൗഡലീയം, ലീലാതിലകം, ഭാഷാചരിത്രം)
5. താഴെ പറയുന്നവയിൽ സ്ഥിരകരണം ഏത് ?
(കീഴ്ച്ചുണ്ട്, നാക്ക്, അന്നനാളം, മേൽച്ചുണ്ട്)

**(6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഒരു വാക്യത്തിൽ കവിയാതെ ഉത്തരമെഴുതുക.)**

6. മലയാളത്തിലെ ദ്വിസ്വരങ്ങൾ ഏവ ?
7. ബലൂചിസ്ഥാൻ മേഖലയിൽ സംസാരിക്കുന്ന ഭാഷ
8. 'അ' എന്ന അക്ഷരത്തിന്റെ ഉച്ചാരണ സ്ഥാനം ഏത് ?
9. മണിപ്രവാള ലക്ഷണം എഴുതുക.
10. ആധുനിക ഭാഷാശാസ്ത്രം അവതരിപ്പിച്ചതാര് ?

**(11 മുതൽ 15 വരെ ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.)**

11. എന്താണ സങ്കരഭാഷ ?
12. വാമൊഴി, വരമൊഴി ഇവ വിശദീകരിക്കുക.
13. 'മഹാപ്രാണീകരണം' എന്തെന്ന് വിശദമാക്കുക.
14. വിവരണാത്മക ഭാഷാശാസ്ത്രം എന്നാലെന്ത് ?
15. സംഘകാല സാഹിത്യവുമായി ബന്ധപ്പെട്ട് കുറിപ്പ് തയ്യാറാക്കുക.

**(16 മുതൽ 25 വരെ ചോദ്യങ്ങൾക്ക് 50 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.)**

16. തുലനാത്മക ഭാഷാശാസ്ത്രവും താരതമ്യാത്മക ഭാഷാശാസ്ത്രവും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.
17. സ്വതന്ത്രരൂപിമം, ആശ്രിതരൂപിമം, ഇവ എന്തെന്ന് ഉദാഹരണ സഹിതം വിശദമാക്കുക.
18. അന്യഭാഷാ പദങ്ങൾ എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കുക.
19. ശ്വാസികൾ, നാദികൾ ഇവ എന്തെന്ന് വിശദമാക്കുക.
20. ഭാഷാഗോത്രം എന്നാലെന്ത് ? ഇന്ത്യയിലെ പ്രധാന ഭാഷാഗോത്രങ്ങൾ ഏതെല്ലാം ?
21. ഉച്ചാരണവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾക്കു കാരണങ്ങൾ എന്തെല്ലാം ? ഇവ എങ്ങനെ പരിഹരിക്കാം. ?
22. എന്താണ് മാനകഭാഷ ? വ്യക്തി ഭാഷയുമായി ഇവ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു. ?
23. 'ഇതര ജീവികളുടെ ഭാഷയിൽ നിന്നും വ്യത്യസ്തമാണ് മനുഷ്യഭാഷ' സാധൂകരിക്കുക.
24. ചലകരണങ്ങൾ സ്ഥിരകരണങ്ങൾ ഇവ എന്തെന്ന് വിശദമാക്കുക.
25. ലീനധ്വനികൾ എന്നാലെന്ത് ? ഭാഷയിൽ ഇവയ്ക്ക് എത്രത്തോളം പ്രാധാന്യമുണ്ട് ?

**(26, 27 ചോദ്യങ്ങൾക്ക് 200 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.)**

26. ഉച്ചാരണശാസ്ത്രത്തെകുറിച്ചുള്ള അറിവ് അധ്യാപകർക്കുണ്ടാവേണ്ടത് അത്യാവശ്യമാണ്. പ്രസ്താവന പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തുക.
27. മലയാള ഭാഷയുടെ പഴക്കവും പാരമ്പര്യവും എന്ന വിഷയത്തിൽ പ്രബന്ധം തയ്യാറാക്കുക.

# Diploma in Education (D.Ed) Examination

## S1 P3 - മലയാളം - ചരിത്രം, ഘടന, സാമൂഹ്യ പശ്ചാത്തലം

Max Score: 60 | Total : 2 Hours
Cool off time: 15 Minute

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. പദവിഭാഗം, പ്രകൃതിപ്രത്യയയോഗം, ഘടന മുതലായവയെക്കുറിച്ചുള്ള പഠനം
(രൂപ വിജ്ഞാനീയം, വാക്യവിജ്ഞാനീയം, വർണ്ണവിജ്ഞാനീയം, സമാസം)
2. ആധുനിക ഭാഷാശാസ്ത്രത്തിന് അടിത്തറ പാകിയ 'ലാംഗ്വേജ്' എന്ന ഗ്രന്ഥം ആരുടേതാണ് ?
(നോം ചോംസ്കി, ബ്ലൂം ഫീൽഡ്, മാർക്സ്മുള്ളർ, ജീപീസ്)
3. ഒരു ഭാഷാ സമൂഹത്തിലെ ഓരോ വ്യക്തിയുടേയും ഭാഷണ രീതികളെ ................ എന്നു പറയുന്നു.
(മാനക ഭാഷ, സങ്കര ഭാഷ, വ്യക്തിഭാഷ, ഭാഷാഭേദം)
4. ഒരു പദത്തിലെ പ്രധാന അർത്ഥത്തെ സൂചിപ്പിക്കുന്ന രൂപിമമാണ്.
(സ്വനം, ധാതു, പ്രത്യയം, സന്ധി)
5. മലയാളത്തിലെ ആദ്യത്തെ ലിഖിതം
(രാമചരിതം, വാഴപ്പള്ളി ശാസനം, ഭാഷാകൗഡലീയം, കൃഷ്ണഗാഥ)

**(6 മുതൽ 10വരെ ചോദ്യങ്ങൾക്ക് ഒരു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.)**

6. വ്യക്തിഭാഷകൾ ചേർന്നതാണ് ......................
7. കാലഗതിക്കനുസരിച്ച് ഭാഷകൾക്കുണ്ടാകുന്ന പരിവർത്തനങ്ങളെക്കുറിച്ചുള്ള പഠനം.
8. എന്താണ് സ്വനിമം
9. 'മകളുടെ' എന്ന പദത്തിലെ പ്രകൃതിയും പ്രത്യയവും വേർതിരിക്കുക.
10. മാനഭാഷ എന്നാലെന്ത് ?

**(11 മുതൽ 15 വരെ ചോദ്യങ്ങൾക്ക് 50 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.)**

11. ദ്രാവിഡ ഗോത്രത്തിലെ പ്രധാന ഭാഷകൾ ഏതെല്ലാം ?
12. അക്ഷരങ്ങളെ സ്വരം, വ്യഞ്ജനം എന്നിങ്ങനെ വേർതിരിക്കുന്നതിന്റെ അടിസ്ഥാനമെന്ത് ?
13. വിരാമങ്ങൾ എന്നാലെന്ത് ?
14. വിദൂര ഭാഷാഭേദങ്ങൾ എന്നാലെന്ത് ?
15. ഉപഗോത്രം എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്ത് ?

**(16 മുതൽ 25 വരെ ചോദ്യങ്ങൾക്ക് 50 വാക്കിൽ കവിയാതെ ഉത്തരം എഴുതുക.)**

16. അറബി മലയാളം എന്നാലെന്ത് ? അറബി മലയാളത്തിലെ പ്രധാനകൃതികൾ ഏതെല്ലാം ?
17. മലയാള ഭാഷയിൽ സ്വീകരിച്ച പരകിയ പദങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
18. എന്താണ് സന്ധി ? അവ എങ്ങനെ വിഭജിച്ചിരിക്കുന്നു. ?
19. ഭാഷാഗോത്രം എന്നാലെന്ത് ? ഇന്ത്യയിലെ പ്രധാന ഭാഷാഗോത്രങ്ങൾ ഏതെല്ലാം ?
20. ഉച്ചാരണ വൈകല്യങ്ങൾ കുട്ടിയുടെ ആത്മവിശ്വാസം ഇല്ലാതാക്കുന്നുണ്ടോ ? ഒരു അധ്യാപിക എന്ന നിലയിൽ നിങ്ങൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയും. ?
21. ആഗമികാത്മക ഭാഷാശാസ്ത്രം തുലനാത്മക ഭാഷാശാസ്ത്രം - ഇവ വിശദീകരിക്കുക.
22. അംഗവാക്യം, അംഗിവാക്യം എന്നിവ ഉദാഹരണ സഹിതം വിശദമാക്കുക.
23. പ്രാദേശിക ഭേദങ്ങള്ഡ ഭാഷയുടെ ശക്തി നഷ്ടപ്പെടുത്തുന്നു. ഈ പ്രസ്താവനയോട് നിങ്ങൾക്കുള്ള അഭിപ്രായം എന്തെന്ന് വ്യക്തമാക്കുക.
24. ഭാഷയുടെ ധർമ്മങ്ങൾ ചുരുക്കി വിവരിക്കുക.
25. ചൂർണ്ണിക, സങ്കീർണ്ണകം, മഹാവാക്യം ഇവ ഉദാഹരണ സഹിതം വിശദീകരിക്കുക.

**(26, 27 ചോദ്യങ്ങൾക്ക് 200 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 5 വീതം)**

26. അവൻ വന്താൻ, അവൾ വന്താൾ, തേങ്ക - തേങ്ങ, വൈത്തു - വച്ചു, മുകളിൽ നൽകിയിരിക്കുന്ന പദങ്ങൾ/ഉദാഹരണങ്ങൾ കേരള പാണിനി സൂചിപ്പിക്കുന്ന ആറു നയങ്ങളിൽ പെടുന്നു. അവ ഏതെന്നു കണ്ടെത്തുക. ആറ് നയങ്ങൾ അവതരിപ്പിച്ചതിന്റെ അടിസ്ഥാനം എന്തെന്നു വിശദീകരിക്കുക.
27. ശാസ്ത്ര സാങ്കേതിക നിയമങ്ങൾ മലയാളത്തിൽ - സാധ്യതകളും, പരിമിതികളും - സമർത്ഥിക്കുക.

# Additional Questions

## S1 P2 - പാഠ്യപദ്ധതിയും ബോധനശാസ്ത്രവും

**(1 സ്കോർ വീതം)**

1. കുട്ടിയെ അലട്ടുന്ന ആഴമാർന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് അവനെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുന്ന സങ്കേതം ഏത് ?
2. ആധുനിക കമ്പ്യൂട്ടറിന്റെ പരിണാമ ചരിത്രത്തിന് തുടക്കം കുറിച്ച കണക്ക് കൂട്ടൽ യന്ത്രത്തിന്റെ പേരെന്ത് ?
3. ......................... ഒരു ഓൺലൈൻ വിജ്ഞാന ശാഖയാണ്.
4. ഒരു ആഗോള കമ്പ്യൂട്ടർ ശൃംഖലയാണ് .........................?
5. വിദ്യാലയത്തിന്റെ കെട്ടിടവും ഭാഗങ്ങളും പഠന സാമഗ്രികളായി ഉൾപ്പെടുത്തുന്നതിന് പറയുന്ന പേരെന്ത് ?
6. നൂതനമായ ഒരു സിദ്ധാന്തം കണ്ടെത്തി ശാസ്ത്രീയമായി അതിനെ സിദ്ധാന്ത വൽക്കരിക്കുകയാണ് ................. ഗവേഷണത്തിന്റെ ലക്ഷ്യം.
7. പഠനത്തോടൊപ്പം നിരന്തരം നടക്കുന്ന പ്രക്രിയയേത് ?
8. പൊതുനിലവാരം കണ്ടെത്തുന്നതിനുള്ള ഒരു ടെസ്റ്റാണ്......................?
9. ക്ലാസിനകത്തും പുറത്തും നടക്കുന്ന കുട്ടികളുടെ വിവിധങ്ങളായ കാര്യങ്ങൾ രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന മൂല്യനിർണയ ഉപകരണമാണ്..........................?
10. താൻ ചെയ്ത പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്താൻ കുട്ടി ഉപയോഗിക്കുന്ന പ്രക്രിയയാണ് .................................... ?
11. കുട്ടികളുടെ അനാരോഗ്യകരമായ മത്സരം കുറയ്ക്കാൻ ............................... രീതി സഹായിക്കുന്നു. ?

**(2 സ്കോർ വീതം)**

1. പാഠ്യപദ്ധതിയെന്നതുകൊണ്ടുദ്ദേശിക്കുന്നതെന്ത് ?
2. പാഠ്യപദ്ധതിയുടെ പൊതുഘടകങ്ങൾ ഏതൊക്കെ ?
3. പ്രാദേശിക പാഠ്യപദ്ധതി എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്താണ് ?
4. പാഠ്യപദ്ധതിയുടെ ധർമ്മങ്ങൾ എന്തെല്ലാം ?
5. പാഠ്യപദ്ധതി രൂപീകരണത്തിലെ മനശാസ്ത്ര സമീപനങ്ങൾ ഏവ ?
6. പാഠ്യപദ്ധതി അയവുള്ളതായിരിക്കണം എന്നു പറയുന്നതെന്തുകൊണ്ട് ?
7. വിവിധ പാഠ്യപദ്ധതി സമീപനങ്ങൾ ഏതെല്ലാം ?
8. പാഠ്യപദ്ധതി ജീവിത ബന്ധിയായിരിക്കണമെന്നു പറയുന്നതെന്തുകൊണ്ട് ?
9. പാഠ്യപദ്ധതി രൂപീകരണത്തിൽ കുട്ടികളുടെ ഏതെല്ലാം പ്രകൃതം പരിഗണിക്കണം.
10. പ്രാപ്ത്യാധിഷ്ഠിത സമീപനം എന്നാൽ എന്ത് ?
11. “തെറ്റു വിളിച്ചു പറയരുത്, പൂർണമായും ശരിയെന്നുറപ്പുള്ളവർ മാത്രം പറഞ്ഞാൽ മതി” ഇങ്ങനെ നിർദ്ദേശിക്കുന്ന അധ്യാപകനോട് ബോധനശാസ്ത്രം പഠിച്ച നിങ്ങൾക്ക് എന്ത് പറയാനുണ്ട് ? വ്യക്തമാക്കുക.
12. പഠന പ്രവർത്തനം ഫലപ്രദമാക്കുന്നതിന് കുട്ടിയെകുറിച്ചുള്ള പ്രതിവിവരം (ഫീഡ് ബാക്ക്) അധ്യാപകനെ സഹായിക്കുമെന്നത് ശരി തന്നെ. എന്നാൽ അധ്യാപകന് ഈ വിവരങ്ങൾ എങ്ങനെ ലഭ്യമാകും ?
13. ദൈനംദിനാസൂത്രണം തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?
14. “വിലയിരുത്തൽ നിരന്തരവും സമഗ്രവുമാകണമെന്നത് വിദ്യാഭ്യാസ പ്രക്രിയയുടെ കാതലായ ആശയമാണ്.” സമഗ്രമായ വിലയിരുത്തൽ എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്. ?
15. “ഇന്റർനെറ്റ് ഇന്ന് വലിയ സേവന ദാതാവാണ്” അതുവഴി നമുക്ക് ലഭിക്കുന്ന രണ്ടു സേവനങ്ങൾ എഴുതുക.
16. പഠനോപകരണങ്ങളുടെ ഉപയോഗം പഠനത്തെ എങ്ങനെ സ്വാധീനിക്കും. ?
17. മൂല്യനിർണയവും വിലയിരുത്തലും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം ?
18. പഠനത്തിൽ വിലയിരുത്തലിന്റെ പ്രാധാന്യം വ്യക്തമാക്കുക.
19. സംരചനാത്മക വിലയിരുത്തലും ആത്യന്തിക വിലയിരുത്തലും തമ്മിലുള്ള വ്യത്യാസമെന്ത് ?
20. ബാഹ്യവിലയിരുത്തൽ എന്നാൽ എന്ത് ?
21. മികച്ച എഴുത്തു പരീക്ഷയുടെ സവിശേഷതകൾ എന്തെല്ലാം ?
22. വസ്തുനിഷ്ഠ ചോദ്യമാതൃകകളുടെ പരിമിതികൾ എന്തെല്ലാം ?
23. സ്കോറിംഗിനെ അപേക്ഷിച്ച് ഗ്രേഡിംഗിനുള്ള ഗുണങ്ങൾ എന്തെല്ലാം ?
24. വിവിധ ഗവേഷണരീതികൾ ഏതെല്ലാം ?
25. ദത്തശേഖരണമെന്നാലെന്ത് ? അതിനായി ഉപയോഗിക്കുന്ന പ്രധാന ഉപകരണങ്ങൾ ഏതെല്ലാം ?
26. ഗുണാത്മക ഗവേഷണവും ഗണാത്മക ഗവേഷണവും തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു. ?
27. വിവിധ തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ ഏവ ?
28. വിവര സാങ്കേതിക വിദ്യ ഉപയോഗിച്ച് വിദ്യാലയ മികവുകളെ എങ്ങനെ പങ്കുവെക്കാം ?
29. ഏതെങ്കിലും ഒരു വിഷയവുമായി ബന്ധപ്പെട്ട് ഒരു PPT തയ്യാറാക്കുക.

# Additional Questions

## S1 P3 - മലയാളം - ചരിത്രം, ഘടന, സാമൂഹ്യ പശ്ചാത്തലം

**(1 സ്കോർ വീതം)**

1. ഘോഷി എന്നറിയപ്പെടുന്ന അക്ഷരം ?
2. കൊല്ലവർഷം ആരംഭിച്ചത് എന്ന് ?
3. മലയാള തനിമ പൂർണ്ണമായും പ്രകടമാകുന്ന കൃതിയാണ് .............................?
4. ഓഷ്ഠ്യസ്വരങ്ങൾ എന്നറിയപ്പെടുന്നത് ഏവ ?
5. ലോകത്തിലെ ഏറ്റവും വലിയ ഭാഷാഗോത്രം ഏതാണ് ?
6. മലയാളത്തിലെ വാക്യഘടനാ രീതി എപ്രകാരമാണ് ?
7. പാട്ടിന്റെ ലക്ഷണങ്ങൾ പൂർണ്ണമായും പ്രകടമാകുന്ന കൃതി.
8. മലയാള ശാസനങ്ങളിൽ ഏറ്റവും പഴക്കമേറിയത്..................... ആണ്.
9. ചലകരണങ്ങൾ എന്നറിയപ്പെടുന്ന ഉച്ചാരണ അവയവങ്ങൾ ഏവ ?
10. മണിപ്രവാളത്തിൽ ഏതെല്ലാം ഭാഷകൾ സംയോജിപ്പിച്ചിരിക്കുന്നു.
11. ആശയവിനിമയം സാധ്യമാവുന്ന അടിസ്ഥാനപരമായ യൂണിറ്റാണ് ........................

**2 സ്കോർ വീതം**

1. മാനസികാനുഭവങ്ങളുടെ പ്രതിനിധീകരണമാണ് ഭാഷണം. സമർത്ഥിക്കുക.
2. മലയാള ഭാഷയ്ക്ക് കിട്ടിയ വലിയ നേട്ടമാണ് ശ്രേഷ്ഠ ഭാഷാ പദവി - നിരൂപിക്കുക.
3. മലയാളം അക്ഷരോച്ചാരക ഭാഷയാണ്. കാരണമെന്ത് ?
4. ഉച്ചാരണത്തിൽ അക്ഷര ശുദ്ധി പാലിക്കേണ്ടതുണ്ടോ ? നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

**3 സ്കോർ വീതം**

1. സംസാരഭാഷയും ലിഖിതഭാഷയും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക.
2. കേരള പാണിനി അവതരിപ്പിച്ച 6 നയങ്ങൾ എഴുതുക.
3. സാമൂഹിക ഭാഷാഭേദങ്ങളും വിദുരഭാഷാഭേദങ്ങളും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.
4. ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിൽ നിന്ന് ദക്ഷിണേന്ത്യൻ ഭാഷകൾ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.?

**5 സ്കോർ വീതം**

1. 'ഭാഷാഭേദം മലയാളത്തിൽ' എന്ന വിഷയവുമായി ബന്ധപ്പെട്ട് പ്രാദേശികഭേദം മുൻ നിർത്തി സെമിനാർ പ്രബന്ധം തയ്യാറാക്കാനായി ഉൾചേർക്കാവുന്ന പ്രധാന വസ്തുതകൾ വിശദീകരിക്കുക.

# Diploma in Education (D.Ed) Examination

Total Score: 60

## S3 P13 - പഠിതാവും ജ്ഞാനാർജനവും

Total : 2 Hours
Cool off time: 15 Minute

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. 'ബഹുമുഖ ബുദ്ധി' എന്ന ആശയം രൂപപ്പെടുത്തിയതാര് ?
a) ഫ്രോയിഡ്, b) ഗ്രിൽഫോർഡ്, c) തഴ്സ്റ്റൺ, d) ഹവാർഡ് ഗാർഡ്നർ
2. സ്വയം കുറ്റക്കാരനായിരിക്കെ മറ്റൊരാളിലോ വസ്തുവിലോ കുറ്റം ആരോപിക്കുന്ന സമായോജന തന്ത്രം
a) ഉദാത്തീകരണം, b) ദമനം, c) താദാത്മീകരണം, d) പ്രക്ഷേപണം
3. പെട്ടെന്ന് ഒരു ഉൾവിളിപോലെ പ്രശ്നപരിഹാരമാർഗ്ഗം മനസ്സിലേക്ക് ഓടി എത്തുന്ന സർഗാത്മകതയുടെ ഘട്ടം
a) സജ്ജീകരണം, b) പ്രകാശനം, c) വിലയിരുത്തൽ, d) ഉത്ഭവനം/അടയിരിക്കൽ
4. ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും പരിചയപ്പെടുന്ന വ്യക്തികളോട് ഉചിതമായ രീതിയിലുള്ള ബന്ധം സ്ഥാപിക്കാനും നിലനിർത്താനുമുള്ള കഴിവ്
a) അനുതാപം, b) ക്രിയാത്മക ചിന്ത, c) വ്യക്താന്തരബുദ്ധി, d) ആന്തരികവൈയക്തികബുദ്ധി
5. അതീത ചിന്ത എന്ന ആശയം മുന്നോട്ട് വച്ചതാര് ?
a) നോം ചോംസ്കി, b) ബ്രൂണർ, c) ഹമ്മേർഷൻ, d) ഫ്ളേവർ

**(6 മുതൽ 10 വരെ ചോദ്യങ്ങൾക്ക് ഒരു വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 1 വീതം)**

6. സങ്കലിത വിദ്യാഭ്യാസം എന്തെന്ന് വിശദമാക്കുക.
7. ഒരു വ്യക്തിയുടെ വിവിധ വ്യവഹാരങ്ങളിൽ മിക്കപ്പോഴും പ്രകടമാകുന്നതും മേൽകൈ നേടുന്നതുമായ വ്യക്തിത്വ സവിശേഷകം
8. മാർഗ്ഗദർശനത്തിന്റെ പ്രധാന മേഖലകൾ ഏതെല്ലാം ?
9. സംവേദനം എന്നാൽ എന്ത് ?
10. ഭാഷാപഠനത്തിലെ അടിസ്ഥാന നൈപുണികൾ ഏവ ?

**(11 മുതൽ 15 വരെ ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. സ്കോർ 2 വീതം)**

11. സംസ്കാരസ്വീകരണം, സംസ്കാരസമന്വയം ഇവ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു.
12. കുട്ടികളുടെ എല്ലാ ആഗ്രഹങ്ങളും സാധിച്ചു കൊടുക്കലല്ല അച്ഛനമ്മമാരുടെ കടമ മറിച്ച് അവരുടെ പല ആഗ്രഹങ്ങളും തിരസ്കരിക്കൽ കൂടിയാണ്. ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം എന്ത് ? വിശദമാക്കുക.
13. ഇദ്ദ് (Id), അഹം (Ego), അത്യഹം (Super Ego) ഇവ എന്താണെന്ന് വ്യക്തമാക്കുക.
14. വ്യക്തിത്വത്തെ സ്വാധീനിക്കുന്ന പ്രധാന ജൈവിക ഘടകങ്ങൾ ഏതെല്ലാം ?
15. വ്യക്തിപരമായി മാർഗ്ഗദർശനം നൽകുന്നതുകൊണ്ട് ഒരു അധ്യാപകന് കുട്ടികളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ സാധിക്കും ?

**(16 മുതൽ 25 വരെ ചോദ്യങ്ങൾക്ക് 50 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 3 വീതം)**

16. പ്രക്ഷേപണ പ്രവിധികൾ വ്യക്തിത്വമാപനത്തിന് വളരെയധികം സഹായകമാണ്. ഉദാഹരണ സഹിതം വിശദമാക്കുക.
17. രക്ഷാകർതൃത്വ രീതികളിൽ ജനാധിപത്യ രക്ഷാകർതൃത്വ രീതിക്ക് എത്രത്തോളം പ്രാധാന്യമുണ്ട്. ?
18. നോം ചോംസ്കിയുടെ ഭാഷാവികസന സിദ്ധാന്തം വിശദമാക്കുക.
19. ദാരിദ്ര്യം, ആഗോളീകരണം തുടങ്ങിയവ യഥാർത്ഥത്തിൽ ദരിദ്രരാക്കുന്നത് കുട്ടിക്കാലത്തെയാണ്. സമർത്ഥിക്കുക.
20. എൽ.പി. തലത്തിലെ കുട്ടികളുടെ സർഗപരതാ മാപനത്തിന് ഉതകുന്ന ഒരു പ്രവർത്തനം തയ്യാറാക്കി സൂചകങ്ങൾ നിർദ്ദേശിക്കുക.
21. കൗൺസിലിംഗ് രീതികളിൽ ഏതെങ്കിലും മൂന്നെണ്ണം വിശദീകരിക്കുക.
22. ഒരു അധ്യാപകൻ എന്ന നിലയിൽ ക്ലാസ്റൂം പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തിൽ ബഹുമുഖ ബുദ്ധിയെ നിങ്ങൾക്ക് എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താം. ?
23. ആൽപോർട്ടിന്റെ അഭിപ്രായത്തിൽ സവിശേഷകങ്ങളാണ് വ്യക്തിത്വത്തെ നിർണ്ണയിക്കുന്നത്. ഈ അഭിപ്രായത്തെ വിലയിരുത്തുക.
24. അധ്യാപിക എന്ന നിലയിൽ കുട്ടികളുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിന് നിങ്ങൾക്കുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്. ?
25. വിവിധതരം ഓർമ്മകൾ ഏതെല്ലാം ? വിശദമാക്കുക.

**(26, 27 ചോദ്യങ്ങൾക്ക് 200 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 5 സ്കോർ വീതം)**

26. സങ്കലിത വിദ്യാഭ്യാസം എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ പ്രബന്ധം തയ്യാറാക്കുക.
27. ഒരു അധ്യാപകൻ ഒരു കൗൺസിലർ കൂടിയാകണം. ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഈ പ്രസ്താവനയുടെ പ്രാധാന്യം എന്ത് ? വിശദമാക്കുക.

# Diploma in Education (D.Ed) Examination
## S3 P13 - പഠിതാവും ജ്ഞാനാർജനവും

Max Score: 60

Total : 2 Hours
Cool off time: 15 Minute

**നിർദ്ദേശങ്ങൾ**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
- ആദ്യത്തെ 15 മിനിറ്റ് (സമാശ്വാസ സമയം) ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ച് മനസ്സിലാക്കുന്നതിന് ഉപ യോഗിക്കുക.

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളോ പ്രസ്താവന പൂരിപ്പിക്കാനുള്ള പദങ്ങളോ തെരഞ്ഞെടു ത്തെഴുതുക. 1 സ്കോർ വീതം)**

1. അധ്യാപകൻ ക്ലാസിൽ പ്രദർശിപ്പിച്ച ഒരു ചിത്രത്തെ കുട്ടികൾ വ്യത്യസ്തരീതിയിൽ വിശദീകരിക്കുന്നത് .........ൽ ഉള്ള വ്യത്യാസം മൂലമാണ്.
   a) സംവേദനം, b) പ്രത്യക്ഷണം, c) ആശയരൂപീകരണം, d) സാമാന്യവൽക്കരണം
2. ബുദ്ധിയുടെ ത്രിമുഖ സിദ്ധാന്തം അവതരിപ്പിച്ചതാര് ?
   a) ഗിൽഫോർഡ്, b) സ്റ്റേൺബർഗ്, c) സ്പിയർമാൻ, d) ഗോമാൻ
3. സ്വയം കുറ്റക്കാരനായിരിക്കേ മറ്റൊരാളിലോ വസ്തുവിലോ കുറ്റം ആരോപിക്കുന്ന സമായോജ്ന ക്രിയാത ന്ത്രമാണ്.......................?
   a) ഉദാത്തീകരണം, b) ദമനം, c) താദാർത്മീകരണം, d) പ്രക്ഷേപണം
4. വ്യക്തിത്വത്തിന്റെ പാലകൻ എന്ന് വിശേഷിപ്പിക്കുന്ന മനുഷ്യമനസ്സിലെ വൈകാരിക ശക്തിയേത് ?
   a) ഇദ്, b) ഈഗോ, c) സൂപ്പർ ഈഗോ, d) അഹം
5. കക്ഷി കേന്ദ്രീകൃത കൗൺസിലിംഗ് സമീപനത്തിന്റെ ഉപജ്ഞാതാവ് ?
   a) ആൽപോർട്ട്, b) ഫ്രോയ്ഡ്, c) കാൾറോജേഴ്സ്, d) പിയാഷെ

**(6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക. 1 സ്കോർ വീതം)**

6. പ്രശ്ന പരിഹാരത്തിന് സഹായിക്കുന്ന ഒരു തന്ത്രമാണ് അൽഗോരിതം ഇത് എന്താണെന്ന് വ്യക്തമാക്കുക.0
7. നിങ്ങളുടെ അഭിപ്രായത്തിൽ ഏറ്റവും ഉചിതമായ രക്ഷാകർതൃത്വ രീതി ഏതാണ് ?
8. കൗൺസിലിംഗിലെ സമന്വിതസമീപനം എന്താണ് ?
9. കാൽറോജേഴ്സിന്റെ അഭിപ്രായത്തിൽ 'ആദർശാത്മക അഹം' എന്താണ് ?
10. ശാരീരിക വൈകല്യമുള്ള കുട്ടികൾക്ക് (OPH) പടികൾ ചവിട്ടി കയറാതെ ക്ലാസ് മുറികളിൽ എത്തിച്ചേരുവാൻ തയ്യാറാക്കുന്ന പ്രത്യേക സംവിധാനമാണ്....................?

**(11 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം)**

11. ബുദ്ധിയുടെ ദ്വിഘടക സിദ്ധാന്തം വിശദമാക്കുക?
12. സാമൂഹീകരണത്തിന്റെ പ്രധാന പ്രക്രിയകളായ സംസ്കാരസ്വീകരണം, സംസ്കാരസമന്വയം ഇവ എന്താ ണെന്ന് വ്യക്തമാക്കുക.
13. ഹ്രസ്വകാല ഓർമ്മ, ദീർഘകാല ഓർമ്മ ഇവ എന്തെന്ന് വ്യക്തമാക്കുക.
14. പ്രൈമറി തലത്തിലെ വിദ്യാർത്ഥികൾ സാധാരണ സ്വീകരിക്കാറുള്ള സമായോജന ക്രിയാതന്ത്രങ്ങളിൽ ഏതെ ങ്കിലും രണ്ടെണ്ണത്തിന് ഉദാഹരണം എഴുതുക.
15. ഒരു രചനയുടെ സർഗ്ഗപരത തിട്ടപ്പെടുത്താനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ?

**(16 മുതൽ 25 വരെ ചോദ്യങ്ങളുടെ ഉത്തരം 50 വാക്കിൽ കവിയാതെ എഴുതുക. 3 സ്കോർ വീതം.)**

16. 'സാമൂഹികരണ പ്രക്രിയയിൽ പ്രധാനമാണ് കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയ വിനിമയം' ഈ പ്രസ്താ വനയുടെ സാംഗത്യം പരിശോധിക്കുക.
17. സങ്കലിത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് അനുരൂപീകരണം എന്നാൽ എന്താണെന്ന് വിശദമാക്കുക? 'കേരള ത്തിലെ ഭൂപ്രകൃതിയുടെ സവിശേഷതകൾ' എന്ന ആശയവുമായി ബന്ധപ്പെട്ട് കേൾവിക്കുറവുള്ള (HI) കുട്ടി കൾക്ക് കൊടുക്കാവുന്ന ഏതെങ്കിലും രണ്ട് അനുരൂപീകരണ പ്രവർത്തനം തയ്യാറാക്കുക.
18. 'മനുഷ്യമനസ്സ് ഒരു മഞ്ഞുമലയാണ്' ഫ്രോയിഡിന്റെ ഈ വീക്ഷണത്തെ വിലയിരുത്തുക.

19. കൗൺസിലർ എന്ന നിലയിൽ ഒരു അധ്യാപകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ എന്തെല്ലാം ?
20. ജീവിത നൈപുണികൾ വികസിപ്പിക്കുന്നതിൽ പഠനബോധന പ്രക്രിയയുടെ പങ്ക് വിലയിരുത്തുക.
21. ആൽപോർട്ടിന്റെ അഭിപ്രായത്തിൽ സവിശേഷകങ്ങളാണ് വ്യക്തിത്വത്തെ നിർണ്ണയിക്കുന്നത്. പ്രധാന വ്യക്തിത്വ സവിശേഷകങ്ങളെ കുറിച്ച് ആൽപോർട്ടിന്റെ വീക്ഷണങ്ങൾ ഉദാഹരണ സഹിതം പരിശോധിക്കുക.
22. 'അതീത ചിന്ത പഠനനേട്ടം ഉറപ്പ് വരുത്തുന്നതിനും പഠന പ്രക്രിയ മെച്ചപ്പെടുത്തുന്നതിനും കുട്ടികൾക്ക് സഹായകമാണ്.' വിലയിരുത്തുക.
23. ഡാനിയൽ ഗോമാന്റെ വൈകാരിക ബുദ്ധിക്ക് ഇന്നത്തെ ക്ലാസ് റൂം അന്തരീക്ഷത്തിലുള്ള പ്രസക്തി എത്രത്തോളമാണ് ? പരിശോധിക്കുക.
24. പ്രതിസന്ധി നിവാരണ കൗൺസിംലിംഗ് എന്താണ് ? ഒരനുഭവ വിശകലനത്തിലൂടെ വിശദമാക്കുക.
25. സഹകരണാത്മക പഠനത്തിന് ഉദാഹരണമായി പ്രൈമറി ക്ലാസിലെ പാഠപുസ്തകവുമായി ബന്ധപ്പെടുത്തി ഒരു പഠനപ്രവർത്തനം അവതരിപ്പിക്കുക.

**(26, 27 ചോദ്യങ്ങളുടെ ഉത്തരം 200 വാക്കിൽ കവിയാതെ എഴുതുക. 5 സ്കോർ വീതം)**

26. പ്രൈമറു ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട് ബഹുമുഖ ബുദ്ധിയുടെ സാധ്യതകൾ അവതരിപ്പിച്ച് വിശകലനം ചെയ്യുക.
27. കുട്ടികളിൽ ഭാഷാവികാസം നടക്കുന്നത് അനുകരണത്തിലൂടെ മാത്രമല്ല. ചിന്തയിലൂടെയും ആശയവിനിമയത്തിലൂടെയും കൂടി ആണ്. ഈ പ്രസ്താവന വ്യവഹാരവാദികളുടെയും ജ്ഞാനനിർമ്മിതി വാദികളുടെയും കാഴ്ചപ്പാടിൽ വിലയിരുത്തുക.

# Diploma in Education (D.Ed) Examination

## S3 P14 - വിദ്യാഭ്യാസത്തിന്റെ സാമൂഹികവും, ചരിത്രപരവും ദാർശനികവുമായ അടിത്തറ

Max Score: 60 | Total : 2 Hours | Cool off time: 15 Minute

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് നൽകിയിട്ടുള്ള ഉത്തരങ്ങളിൽ നിന്ന് അനുയോജ്യമായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. അയൽപക്ക വിദ്യാലയത്തിന്റെ സവിശേഷതകളിൽ ഉൾപ്പെടാത്തതേത് ?
   a) എല്ലാ കുട്ടികളും അതതു പ്രദേശത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്നു, b) പ്രാദേശിക പാഠ്യപദ്ധതിക്കും മാതൃഭാഷക്കും പ്രാമുഖ്യം നൽകുന്നു, c) ഇംഗ്ലീഷ് ബോധനമാധ്യമമായി സ്വീകരിക്കുന്നു, d) സാമൂഹികമായ പിന്തുണ ഉറപ്പു വരുത്തുന്നു.
2. പഠനത്തിനുള്ള സാഹചര്യം ഒരുക്കി കൊടുക്കുകയും പ്രശ്നപരിഹാരത്തിനുള്ള അവസരം ഒരുക്കുകയും ചെയ്യുക എന്ന പ്രവർത്തിയിലൂടെ വ്യക്തമാക്കുന്ന അധ്യാപകന്റെ റോൾ
   a) ഗവേഷകൻ, b) സഹപഠിതാവ്, c) ഫെസിലിറ്റേറ്റർ, d) സംഘത്തലവൻ
3. വിമർശനാത്മക ബോധനശാസ്ത്രം എന്ന ആശയം മുന്നോട്ട് വെച്ചതാര് ?
   a) ഫ്രോബൽ, b) പൗലോഫ്രെയർ, c) റൂസ്സോ, d) കൊമീനിയസ്
4. താഴെ പറയുന്നവയിൽ പ്രായോഗികവാദത്തിന്റെ സവിശേഷത ഏത് ?
   a) വിശ്വാസ പ്രമാണങ്ങൾക്ക് ഊന്നൽ നൽകുന്നു., b) കർശനമായ അച്ചടക്കം പാലിക്കുന്നു.,
   c) മികച്ച ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നു., d) പ്രവർത്തനത്തിലൂടെയുള്ള പഠനം
5. വിദ്യാഭ്യാസം രാജ്യത്തിന്റെ ചുമതലയാണെന്ന് പ്രഖ്യാപിച്ച തിരുവിതാംകൂർ ഭരണാധികാരി ?
   a) മാർത്താണ്ഡവർമ്മ, b) ആയില്യം തിരുനാൾ, c) റാണി സേതുലക്ഷ്മി ഭായ്, d) റാണിഗൗരി പാർവ്വതീഭായ്

**(6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു വാക്കിലോ വാകൃത്തിലോ ഉത്തരമെഴുതുക. 1 സ്കോർ വീതം)**

6. സമൂഹശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാര് ?
7. ജീവിത പ്രശ്നത്തെ മുൻനിർത്തി വിഷയങ്ങളെ ഉദ്ഗ്രഥിച്ച് അവതരിപ്പിക്കണമെന്ന കാഴ്ചപ്പാട് മുന്നോട്ടുവെച്ച വിദ്യാഭ്യാസ ദർശനമേത് ?
8. 'പഠനഭാരം ലഘൂകരിക്കുക.' എന്ന നിർദ്ദേശം മുന്നോട്ട് വച്ച വിദ്യാഭ്യാസ കമ്മീഷനേത് ?
9. ബുദ്ധമത കാലഘട്ടത്തിലെ വിദ്യാഭ്യാസത്തിൽ പഠിതാവ് ഏത് പേരിലാണറിയപ്പെട്ടിരുന്നത് ?
10. 1964ലെ വിദ്യാഭ്യാസ കമ്മീഷന്റെ ചെയർമാനാര് ?

**(11 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാകൃത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം)**

11. സ്ത്രീ ശാക്തീകരണത്തിന് വിദ്യാഭ്യാസമാണ് മുഖ്യ ആയുധം. ഇത്തരത്തിലുള്ള ഒരു വിദ്യാഭ്യാസ രീതിക്കുണ്ടായിരിക്കേണ്ട സവിശേഷതകൾ എന്തൊക്കെ ?
12. പാഠ്യപദ്ധതിയിൽ പ്രാദേശിക അനുരൂപീകരണത്തിന്റെ ആവശ്യകതയെന്ത് ?
13. സമൂഹത്തെ വിദ്യാലയവുമായി ബന്ധിപ്പിക്കുന്നതിന് സഹായിക്കുന്ന ഏതെങ്കിലും രണ്ട് പ്രവർത്തനങ്ങൾ നിർദ്ദേശിക്കുക.
14. കേരളത്തിലെ ഗ്രാമീണവിദ്യാഭ്യാസത്തിൽ മുഖ്യപങ്ക് വഹിച്ചവയാണ് കുടിപ്പള്ളി കൂട്ടങ്ങൾ. ഇവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
15. RTE-2009 മുന്നോട്ട് വയ്ക്കുന്ന വിദ്യാഭ്യാസ ലക്ഷ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണമെഴുതുക.

**(16 മുതൽ 25 വരെ ചോദ്യങ്ങളുടെ ഉത്തരം 50 വാക്കിൽ കവിയാതെ എഴുതുക. 3 സ്കോർ വീതം.)**

16. ആൺകുട്ടികൾ, പെൺകുട്ടികൾ എന്ന നിലയിൽ യാതൊരു വിവേചനവും (ലിംഗ വിവേചനം) വിദ്യാലയത്തിലോ വീട്ടിലോ സമൂഹത്തിലോ ഉണ്ടാവാൻ പാടില്ല. അവസര സമത്വം ഉറപ്പുവരുത്താൻ വിദ്യാലയങ്ങളിൽ എന്തൊക്കെ ചെയ്യാൻ കഴിയും ? വിശദീകരിക്കുക.
17. കുട്ടികളുടെ സാമൂഹ്യവൽക്കരണത്തിൽ വിദ്യാലയം വഹിക്കുന്ന പങ്കിനെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
18. ദാർശനികതക്ക് പിന്നിലെ പ്രേരണകൾ എന്തൊക്കെയാണ് ? സംക്ഷിപ്തമായി എഴുതുക.
19. NPE 1986 (1986ലെ ദേശീയ വിദ്യാഭ്യാസ നയം) ഇന്ത്യൻ വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ അനുകൂല മാറ്റങ്ങൾ കൊണ്ടു വന്നു. NPE യുടെ പ്രധാന കാഴ്ചപ്പാടുകളേവ ?

20. SMCയുടെ പ്രധാന ചുമതലകളേവ ?
21. ചില വിദ്യാലയങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. കുട്ടികളുടെ തുടർച്ചയായ ഹാജരില്ലായ്മ. ആ പ്രശ്നം പരിഹരിക്കാൻ അധ്യാപികയെന്ന നിലയിൽ നിങ്ങൾക്ക് എന്തൊക്കെ ചെയ്യാൻ കഴിയും ? വിശദമാക്കുക.
22. വിദ്യാലയം ജനാധിപത്യവൽക്കരിക്കുന്നതിന് നിങ്ങൾ ഒരുക്കുന്ന അവസരങ്ങൾ എന്തൊക്കെയാണ് ?
23. ഫലപ്രദമായ വിദ്യാലയത്തിന്റെ ഒരു ഘടകമാണ് നല്ല വൈകാരികാന്തരീക്ഷം. വൈകാരികാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള ഏതെങ്കിലും മൂന്ന് സാഹചര്യങ്ങൾ വ്യക്തമാക്കുക.
24. ഒരു 'മോണ്ടിസോറി സ്കൂൾ' തുടങ്ങാനാഗ്രഹിക്കുന്ന സുഹൃത്ത് ഉപദേശം തേടുവാനായി നിങ്ങളെ സമീപിച്ചാൽ അദ്ദേഹത്തിന് എന്തെല്ലാം വിവരങ്ങളാണ് നിങ്ങൾ പറഞ്ഞു കൊടുക്കുക. ?
25. തൽസ്ഥല സഹായം എന്നതുകൊണ്ട് എന്താണർത്ഥമാക്കുന്നത്. അതിന് സഹായം നൽകാൻ ചുമതലപ്പെട്ടത് ആരൊക്കെ ? ഒരദ്ധ്യാപികയായ നിങ്ങൾ ഏതൊക്കെ മേഖലകളിലാണ് തൽസ്ഥല സഹായം പ്രതീക്ഷിക്കുന്നത് ?

**(26, 27 ചോദ്യങ്ങളുടെ ഉത്തരം 200 വാക്കിൽ കവിയാതെ എഴുതുക. 5 സ്കോർ വീതം)**

26. ഗാന്ധിജി, ജോൺഡ്യൂയി എന്നിവരുടെ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾക്ക് സമാനതകളുണ്ടോ ? വിശദമാക്കുക.
27. 'കേരള വിദ്യാഭ്യാസത്തിന്റെ ചരിത്രപരമായ വളർച്ച' എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി ഒരു സെമിനാർ പ്രബന്ധം തയ്യാറാക്കുക.

# Diploma in Education (D.Ed) Examination

## S3 P14 - വിദ്യാഭ്യാസത്തിന്റെ സാമൂഹികവും, ചരിത്രപരവും ദാർശനികവുമായ അടിത്തറ

Max Score: 60 | Total : 2 Hours | Cool off time: 15 Minute

**(1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് നൽകിയിട്ടുള്ള ഉത്തരങ്ങളിൽ നിന്ന് അനുയോജ്യമായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. താഴെ നൽകിയിട്ടുള്ളവയിൽ സംസ്ഥാന തലത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സ്ഥാപനമേത് ?

   a) SCERT, b) DIET, c) BRC, d) DEO

2. 'നെഗറ്റീവ് എഡ്യൂക്കേഷൻ' എന്ന ആശയം മുന്നോട്ടുവെച്ച ദാർശനികൻ ?

   a) പൗലോഫ്രെയർ, b) ജോൺഡ്യൂയി, c) റൂസ്സോ, d) ജിദ്ദുകൃഷ്ണമൂർത്തി

3. "മനുഷ്യന്റെ സാമൂഹ്യ പ്രവർത്തനങ്ങളെ വിശകലനം ചെയ്ത് അവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കണ്ടെത്തുന്ന പഠനമാണ് സാമൂഹശാസ്ത്രം" സമൂഹശാസ്ത്രത്തെകുറിച്ച് ഈ നിർവ്വചനം മുന്നോട്ട് വച്ചത് ?

   a) ഹോബ്സ്, b) എമിലി സർക്കിം, c) ജോർജ്ജ് സൈമൺ, d) മാക്സ്‌വെബർ

4. ഇസ്ലാമിക വിദ്യാഭ്യാസത്തിൽ പ്രാഥമിക വിദ്യാഭ്യാസം നൽകിയിരിക്കുന്ന സ്ഥാപനങ്ങൾ അറിയപ്പെട്ടിരുന്നത്

   a) മദ്രസകൾ, b) മക്ത്തബകൾ, c) വിഹാരങ്ങൾ, d) ശാലകൾ

5. തിരുവിതാംകൂറിൽ റാണി പാർവ്വതീഭായിയാണ് വിദ്യാഭ്യാസം സ്റ്റേറ്റിന്റെ ചുമതലയായി പ്രഖ്യാപിച്ചത്. ഏത് വർഷം ?

   a) 1897, b) 1863, c) 1819, d) 1887

**(6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക. 1 സ്കോർ വീതം)**

6. സമൂഹശാസ്ത്രത്തിന്റെ ഒരു പ്രയുക്ത ശാഖയാണ്................
7. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ആത്മസാക്ഷാത്കാരമാണ്. ഈ കാഴ്ചപ്പാട് മുന്നോട്ട് വയ്ക്കുന്ന ദർശനം ?
8. ഇന്ത്യയുടെ ദേശീയ വിദ്യാഭ്യാസ നയം പാർലമെന്റിൽ അംഗീകരിച്ച വർഷം ?
9. പെൺകുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന സമിതി ?
10. സ്കൂൾ കെട്ടിടത്തിന്റെ എല്ലാ ഭാഗങ്ങളെയും ഒരു പഠന സഹായിയായി കാണുന്ന രീതി ഏത് ?

**(11 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം)**

11. 'സുസ്ഥിര വികസ വിദ്യാലയം' എന്ന കാഴ്ചപ്പാടിന്റെ ഏതെങ്കിലും രണ്ടു സവിശേഷതകൾ വിശദമാക്കുക.
12. ഫലപ്രദമായ വിദ്യാലയത്തിന്റെ ഏതെങ്കിലും രണ്ടു ഘടകങ്ങൾ എഴുതുക.
13. 'വിദ്യാഭ്യാസവും ദർശനവും ഒരു നാണയത്തിന്റെ ഇരു വശങ്ങളാണ്' ഈ അഭിപ്രായം വ്യക്തമാക്കുക.
14. കോത്താരി കമ്മീഷൻ മുന്നോട്ട് വക്കുന്ന വിദ്യാഭ്യാസ കോംപ്ലക്സ് സംവിധാനം വ്യക്തമാക്കുക.
15. മികച്ച 'മെന്റർ' ആകണമെങ്കിൽ ഒരു അധ്യാപകന്റെ കാഴ്ചപ്പാടിൽ ഉണ്ടാവേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കുക.

**(16 മുതൽ 25 വരെ ചോദ്യങ്ങളുടെ ഉത്തരം 50 വാക്കിൽ കവിയാതെ എഴുതുക. 3 സ്കോർ വീതം.)**

16. കുട്ടികളുടെ സാമൂഹ്യവൽക്കരണ പ്രക്രിയയിൽ വിദ്യാലയം വഹിക്കുന്ന പങ്ക് വിശദീകരിക്കുക.
17. മാറിയ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് അറിവ് നിർമ്മാണ പ്രക്രിയയിൽ പ്രായോഗിക വാദത്തിന്റെ സ്വാധീനം വ്യക്തമാക്കുക.
18. ടാഗോറിന്റെ വിദ്യാഭ്യാസ ദർശനത്തിൽ പ്രകൃതിവാദത്തിന്റെയും ആശയവാദത്തിന്റെയും സ്വാധീനം കാണാം. സാധൂകരിക്കുക.
19. RTE-2009ന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തെല്ലാം ?
20. കേരളത്തിലെ വിദ്യാഭ്യാസ മുന്നേറ്റത്തിന് വഴിയൊരുക്കിയ വിവിധ ഘടകങ്ങൾ ഏതെല്ലാം ?
21. NCFTE 2009 മുന്നോട്ട് വയ്ക്കുന്ന അധ്യാപക വിദ്യാഭ്യാസ കാഴ്ചപ്പാടുകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.
22. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അക്കാദമിക മേഖലയിൽ ഇനിയും ഉണ്ടാവേണ്ട ഏതെങ്കിലും മൂന്ന് മാറ്റങ്ങൾ നിർദ്ദേശിക്കുക.

23. വിദ്യാലയ വികസന പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാലയം സന്ദർശിച്ചുവല്ലോ. വിദ്യാലയത്തിൽ കണ്ടെത്തിയ പരിമിതികൾ എന്തെല്ലാം ? അവയിൽ ഏതെങ്കിലും ഒന്ന് പരിഗണിക്കുന്നതിനുള്ള വികസന പദ്ധതി തയ്യാറാക്കുക.

24. മോണിറ്ററിംഗ് എന്നാൽ എന്ത് ? വിദ്യാലയ മോണിറ്ററിംഗിന് ചുമതലപ്പെട്ടവർ ആരെല്ലാം ?

25. പ്രധാനാധ്യാപകന്റെ റോൾ എന്തെല്ലാം ? നിങ്ങൾ സന്ദർശിച്ച വിദ്യാലയത്തിലെ പ്രധാനാധ്യാപകന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

**(26, 27 ചോദ്യങ്ങളുടെ ഉത്തരം 200 വാക്കിൽ കവിയാതെ എഴുതുക. 5 സ്കോർ വീതം)**

26. 'ആകർഷകമായ വിദ്യാലയം' എന്ന കാഴ്ചപ്പാട് വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ തയ്യാറാക്കി നിങ്ങൾ സന്ദർശിച്ച വിദ്യാലയത്തെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

27. പഠന ഭാരം ലഘൂകരിക്കുന്നതിനും പഠനം രസകരമായ അനുഭവമാക്കുന്നതിനും യശ്പാൽ കമ്മറ്റി നിർദ്ദേശിക്കുന്നുണ്ട്. കേരളത്തിൽ നടന്ന വിദ്യാഭ്യാസ പരിഷ്കാരങ്ങളെ വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.

# Diploma in Education (D.Ed) Examination

## S3 P15 - കലാവിദ്യാഭ്യാസം & പ്രവൃത്തി പഠന വിദ്യാഭ്യാസം

Max Score: 60 | Total : 2 Hours
Cool off time: 15 Minute

## കലാവിദ്യാഭ്യാസം

**(1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് നൽകിയിട്ടുള്ള ഉത്തരങ്ങളിൽ നിന്ന് അനുയോജ്യമായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. താഴെ പറയുന്നവയിൽ ആംഗിക പ്രധാനമായ നാടക രൂപം ?
   a) പാവനാടകം, b) മൈം, c) റോൾപ്ലേ, d) മോണോആക്ട്
2. കേൾക്കുന്ന മാത്രയിൽ മനുഷ്യമനസ്സിൽ അനുഭൂതി ഉളവാക്കുന്ന കലാരൂപങ്ങളാണ് ?
   a) ദൃശ്യകലകൾ, b) ശ്രാവ്യകലകൾ, c) ദൃശ്യശ്രാവ്യകലകൾ, d) നാടോടികലകൾ
3. വിശ്വപ്രസിദ്ധ കഥകളിയിൽ കൈമുദ്രകൾ എടുത്തിട്ടുള്ളത് ഏത് ഗ്രന്ഥത്തിൽ നിന്നാണ് ?
   a) അഭിനയ ദർപ്പണം, b) ഭരതാർണവം, c) നാട്യശാസ്ത്രം, d) ഹസ്തലക്ഷണ ദീപിക
4. ഒരു നൃത്തത്തിന്റെ പ്രാദേശിക ഭേദം ലക്നൗ ഖരാന എന്നറിയപ്പെടുന്നു. ഏതാണ് ആ നൃത്തരൂപം
   a) മണിപ്പൂരി, b) കഥക്, c) ഭരതനാട്യം, d) ഒഡീസി

**(5 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം)**

5. ക്രിയേറ്റീവ് ഡ്രാമ എന്ത് ?
6. ക്ലാസ് മുറിയിൽ അക്ഷര ചിത്രത്തിന്റെ പ്രാധാന്യം എന്ത് ?
7. കാർട്ടൂൺ, കാരിക്കേച്ചർ വ്യത്യാസം എഴുതുക.
8. സംഗീതം എന്ന മേഖല വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ ഏവ ?
9. നൃത്തം, നൃത്യം, നാട്യം ഇവ തമ്മിലുള്ള വ്യത്യാസം എന്ത് ?
10. ലോകധർമ്മി, നാട്യധർമ്മി ഇവ എന്ത് ?

**(11 മുതൽ 13 വരെയുള്ള ചോദ്യങ്ങൾക്ക് 50 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. 3 സ്കോർ വീതം)**

11. ഏതൊരു പഠനവും രസകരവും ആസ്വാദ്യകരവുമാക്കാൻ കലകൾ വഹിക്കുന്ന പങ്കെന്ത് ?
12. പാവനാടകത്തിൽ സംഭാഷണത്തിനും ശബ്ദക്രമീകരണത്തിനുമാണ് പ്രാധാന്യം. ഈ പ്രസ്താവന എത്രമാത്രം ശരിയാണ്. ?
13. നൃത്ത പഠനത്തിൽ പ്രാദേശിക വിഭവ വിനിയോഗം എത്രമാത്രം ആവശ്യമാണ് ? ഇതെങ്ങിനെ കണ്ടെത്തും.

**(ചോദ്യം 14ന് 5 സ്കോർ)**

14. കലാപഠന മേഖലകളായ ചിത്രകല, സംഗീതം, നൃത്തം, നാടകം ഇവ ബഹുമുഖബുദ്ധി വികാസത്തിന് എപ്രകാരം സഹായകമാണ് ?

# Diploma in Education (D.Ed) Examination

## S3 P15 - കലാവിദ്യാഭ്യാസം & പ്രവൃത്തി പഠന വിദ്യാഭ്യാസം

Max Score: 60 Total : 2 Hours
Cool off time: 15 Minute

## പ്രവൃത്തി പഠന വിദ്യാഭ്യാസം

**(15 മുതൽ 18 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

15 കുട്ടിയുടെ യുക്തിചിന്താ പരവും ഗണിതപരവുമായ ബുദ്ധി കൂടുതൽ പരിപോഷിപ്പിക്കുന്നതിന് താഴെ പറയുന്നവയിൽ ഏതു പ്രവർത്തനമാണ് ?

a) പോസ്റ്റർ നിർമ്മാണം, b) ഒറിഗാമി പ്രവർത്തനങ്ങൾ, c) ആൽബം തയ്യാറാക്കൽ, d) കഥാരചന

16. നിർബന്ധിത രൂപത്തിലുള്ള തൊഴിൽ ഏറ്റവും ഹീനമായ രൂപത്തിലുള്ള ബലാത്കാരമാണ്. ഈ പ്രസ്താവന ഏത് രേഖയിൽ നിന്നാണ്.

a) NCF-2000, b) KCF-2007, c) NCF-2005, d) കോത്താരി കമ്മീഷൻ റിപ്പോർട്ട് 1964

17. SUPW എന്ന പേരിൽ പ്രവൃത്തി പഠനം ക്ലാസ് മുറിയിൽ നടപ്പിലാക്കിയ കമ്മിറ്റി ഏത് ?

a) ഈശ്വർഭായ് പട്ടേൽ കമ്മിറ്റി, b) കോത്താരി കമ്മീഷൻ, c) മുതലിയാർ കമ്മിറ്റി, d) ഹാർട്ടോഗ് കമ്മിറ്റി

18. പ്രകൃതിപരമായ ബുദ്ധിയുടെ വികസനത്തിന് അനുസൃതമായ പ്രവർത്തനം

a) ചിത്രരചന, b) വള്ളംകളി അനുകരിക്കൽ, c) ഊണത്തിൽ കവിത ചൊല്ലൽ, d) മഴവെള്ള സംഭരണം

**(19 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ രണ്ടോ മൂന്നോ വാചകങ്ങളിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം)**

19. ജീവിത നൈപുണികൾ (ലൈഫ് സ്കിൽ) ആർജ്ജിക്കുന്നതിന് പ്രവൃത്തിപഠനം കുട്ടികളെ സഹായിക്കുന്നു. ഉദാഹരണത്തിലൂടെ വ്യക്തമാക്കുക.

20. തൊഴിൽശാല സന്ദർശനം എന്ന പ്രവർത്തിയിലൂടെ കുട്ടി നേടുന്ന ആശയങ്ങൾ എന്തെല്ലാം ?

21. പ്രവർത്തന പദ്ധതി രൂപരേഖയിൽ പ്രധാനമായി എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതുണ്ട് ?

22. ലോഗോ നിർമ്മാണത്തിന്റെ പ്രവർത്തന ക്രമം വിശദമാക്കുക.

23. പ്രവൃത്തി പഠനത്തിന്റെ ഭാഗമായി ചോക്ക് നിർമ്മിക്കുന്നു. ഈ ഉൽപ്പന്നം വിലയിരുത്തുന്നതിനുള്ള സൂചകങ്ങൾ എഴുതുക.

24. പ്രവൃത്തി പഠനത്തിൽ ടീം ടീച്ചിംഗിന്റെ പ്രസക്തി എന്ത് ?

**(25 മുതൽ 27 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക. 3 സ്കോർ വീതം)**

25. സമൂഹത്തിലെ ആവശ്യങ്ങൾ നിറവേറ്റാനുതകുന്ന പ്രവർത്തനങ്ങളുടെ 4 മേഖലകൾ ഏതെല്ലാം ? അവയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം ?

26. 5-ാം തരത്തിലെ സോഷ്യൽസയൻസ് ക്ലാസുമായി ഉദ്ഗ്രഥനം ചെയ്യാൻ പറ്റുന്ന ഒരു പ്രവർത്തനവും അതിന്റെ സന്ദർഭവും എഴുതുക.

27. പ്രവൃത്തി പഠനത്തിന്റെ കാഴ്ചപ്പാടുകൾ ഏവ ? വിശദീകരിക്കുക.

**(28ന്റെ സ്കോർ 5)**

28. 7-ാം ക്ലാസിലെ എംബ്രോയ്ഡറി പരിശീലനത്തിൽ പ്രാവീണ്യം നേടുന്നു. എന്ന പഠനനേട്ടം വിനിമയം ചെയ്യുന്നതിന് ഒരു പാഠാസൂത്രണം തയ്യാറാക്കുക.

# Diploma in Education (D.Ed) Examination
## S3 P16 - ശാരീരികവും വൈകാരികവുമായ ആരോഗ്യവും ആരോഗ്യ വിദ്യാഭ്യാസവും

Max Score: 60 | Total : 2 Hours | Cool off time: 15 Minute

**നിർദ്ദേശങ്ങൾ**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
- ആദ്യത്തെ 15 മിനിറ്റ് (സമാശ്വാസം സമയം) ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ച് മനസ്സിലാക്കുന്നതിന് ഉപയോഗിക്കുക.

---

**(1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. താഴെ കൊടുത്തിരിക്കുന്നവയിൽ Lordosisന്റെ ലക്ഷണം
   a) പേശികളുടെ ബലക്കുറവ്, b) മുതുകിൽ വളവ് രൂപപ്പെടുന്നു., c) കൂടുതൽ സമയം നിൽക്കുമ്പോഴും ഇരിക്കുമ്പോഴും നട്ടെല്ലിന് ക്ഷീണം അനുഭവപ്പെടുന്നു., d) പുറംവേദന
2. 2020ൽ ഒളിമ്പിക്സ് നടക്കുന്ന രാജ്യം ?
   a) അമേരിക്ക, b) ചൈന, c) ഇംഗ്ലണ്ട് d) ടോക്യോ
3. അത്‌ലറ്റിക്സ് മത്സരങ്ങളിൽ ഏറ്റവും ദൈർഘ്യമേറിയ മത്സര ഇനമാണ് മാരത്തോൺ ഓട്ടം. ഇതിന്റെ മത്സര ദൂരം എത്ര ?
   a) 24 km 197m, b) 42km 159m, c) 42km 195m, d) 24km 159m
4. പെനാൽറ്റി ഏരിയ ഏതു കളിക്കളവുമായി ബന്ധപ്പെട്ടിരിക്കുന്നു.
   a) ബാഡ്മിന്റൺ, b) വോളിബോൾ, c) ഫുട്ബോൾ, d) കബഡി

**(5 മുതൽ 8 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക. 1 സ്കോർ വീതം)**

5. സുരക്ഷാ വിദ്യാഭ്യാസം എന്നാൽ എന്ത് ?
6. സമീകൃതാഹാരം എന്നാൽ എന്ത് ?
7. കായിക ക്ഷമത എന്നാൽ എന്ത് ?
8. Scoliosis എന്താണ് ?

**(9 മുതൽ 14 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം)**

9. എന്താണ് നൈതിക വിദ്യാഭ്യാസം ?
10. സുരക്ഷാ വിദ്യാഭ്യാസം എന്നാൽ എന്ത് ?
11. ഹൃദയ ശ്വസന പുനരുജീവനം - ഇജ്ഞ നൽകുന്നത് എങ്ങിനെ ?
12. ആരോഗ്യകായിക പഠനവുമായി ബന്ധപ്പെട്ട് കുട്ടികളിൽ വികസിക്കുന്ന ജീവിത നൈപുണികൾ എന്തെല്ലാം ?
13. ജീവിത ശൈലീരോഗങ്ങൾ വർദ്ധിക്കാനുള്ള കാരണങ്ങൾ ?
14. ശാരീരിക ക്ഷമതാ ടെസ്റ്റുകൾ എഴുതുക.

**(15 മുതൽ 19 വരെ 3 സ്കോർ വീതം.)**

15. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി കായിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?
16. ഡങ്കിപ്പനി പ്രതിരോധ മാർഗ്ഗങ്ങൾ ഏവ ?
17. ലഘുഭംഗം, വിഷമഭംഗം, സങ്കീർണ്ണഭംഗം എന്നീ അസ്ഥി ഭാഗങ്ങളുടെ വ്യത്യാസം എന്ത് ?
18. ആരോഗ്യകായിക വിദ്യാഭ്യാസ വിഷയത്തിലെ നിരന്തര വിലയിരുത്തലിന് സ്വീകരിക്കുന്ന രീതികൾ ഏതെല്ലാം?
19. പരിസര ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകത കുട്ടികൾക്ക് ബോധ്യപ്പെടുത്തികൊടുക്കുന്നതിന് നൽകാവുന്ന പ്രവർത്തനങ്ങൾ ഏതെല്ലാം ?

**(20-ാമത്തെ ചോദ്യത്തിന് 5 സ്കോർ)**

20. അളവോട് കൂടിയ ബാഡ്മിന്റൺ കോർട്ടിന്റെ രൂപരേഖ തയ്യാറാക്കുക.

അല്ലെങ്കിൽ

ടീച്ചിംഗ് മാന്വൽ തയ്യാറാക്കുക.
പഠനനേട്ടം, കായികക്ഷമത യോഗാസനത്തിലൂടെ കൈവരിക്കുക.

# Diploma in Education (D.Ed) Examination
## S3 P17 - ഭാഷാപഠനവും സാഹിത്യവും

Max Score: 60

Total : 2 Hours
Cool off time: 15 Minute

**നിർദ്ദേശങ്ങൾ**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
- ആദ്യത്തെ 15 മിനിറ്റ് (സമാശ്വാസം സമയം) ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ച് മനസ്സിലാക്കുന്നതിന് ഉപയോഗിക്കുക.

**(1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. 'നല്ല ഹൈമതഭൂവിൽ' എന്ന കൃതി ഏത് സാഹിത്യ വിഭാഗത്തിൽപ്പെടുന്നു.
   a) ബാലസാഹിത്യം, b) ആത്മകഥ, c) സഞ്ചാരസാഹിത്യം, d) നോവൽ
2. മഹാഭാരതത്തിലെ ഭീമനെ കേന്ദ്രകഥാപാത്രമാക്കി എം.ടി.രചിച്ച നോവൽ ?
   a) ഭീമസേനൻ, b) സീതായനം, c) ഭാരതപര്യടനം, d) രണ്ടാമൂഴം
3. താഴെപ്പറയുന്നവയിൽ ചതുർവിധാഭിനയങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?
   a) ആഹാര്യം, b) ശൃംഗാരം, c) വാചികം, d) സാത്വികം
4. താഴെ പറയുന്നവയിൽ ചരിത്രാഖ്യായികകളിൽ ഉൾപ്പെടാത്തത് ഏത് ?
   a) മാർത്താണ്ഡവർമ്മ, b) ധർമ്മരാജ, c) അക്ബർ, d) കാലം
5. ജി.ശങ്കരകുറുപ്പ് എഴുതിയ ബാലസാഹിത്യകൃതി ?
   a) ഓലപീപ്പി, b) ബാലരാമായണം, c) പുഷ്പവാടി, d) കുഞ്ഞിക്കൂനൻ
6. മലയാളത്തിലെ പ്രസിദ്ധമായ ഒരു നോവലിലെ കഥാപാത്രങ്ങളാണ് രവി, അപ്പുക്കിളി മുതലായവർ. നോവൽ ഏത് ?
   a) ചെമ്മീൻ, b) മയ്യഴി പുഴയുടെ തീരങ്ങളിൽ, c) ആടുജീവിതം, d) ഖസാക്കിന്റെ ഇതിഹാസം

**(7 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.)**

7. 'ഗണപതിയ്ക്ക് കുറിയ്ക്കുക' എന്ന ശൈലിയുടെ അർത്ഥം ?
8. ജി.ശങ്കരപിള്ളയുടെ നേതൃത്വത്തിൽ ആരംഭിച്ച കുട്ടികളുടെ നാടകവേദി ?
9. കല്യാണസൗഗന്ധികം, ബകവധം എന്നീ ആട്ടക്കഥകളുടെ കർത്താവ് ?
10. സാംസ്കാരിക മാതൃക എന്നത്കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
11. ഇരവിക്കുട്ടിപിള്ളപ്പോര് എന്ന കൃതി ഏത് വിഭാഗത്തിൽപെടുന്നു. ?

**(12 മുതൽ 16 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.)**

12. കുട്ടികളുടെ നാടകത്തിന് ഉണ്ടായിരിക്കേണ്ട ഏതെങ്കിലും 2 സവിശേഷതകൾ എഴുതുക.
13. ആത്മകഥയ്ക്ക് ഉണ്ടായിരിക്കേണ്ട പ്രത്യേകതകൾ എന്തൊക്കെയാണ് ?
14. ശാസ്ത്രലേഖനം തയ്യാറാക്കുമ്പോൾ അതിന്റെ ഭാഷയ്ക്ക് ഉണ്ടായിരിക്കേണ്ട ഏതെങ്കിലും രണ്ട് സവിശേഷതകൾ എഴുതുക.
15. മുക്തകം എന്നാ കാവ്യ പ്രസ്ഥാനത്തിന്റെ സവിശേഷതകൾ എന്തെല്ലാം ?
16. നോവലും ചെറുകഥയും ഘടനാപരമായി എങ്ങനെ വേറിട്ട് നിൽക്കുന്നു. വ്യക്തമാക്കുക.

**(17 മുതൽ 26 വരെ ചോദ്യങ്ങൾക്ക് 50 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.)**

17. നാടൻ പാട്ടുകൾ ജീവിത ദർപ്പണങ്ങളാണ് വിലയിരുത്തുക. ?
18. നിങ്ങൾ വായിച്ച ഒരു സാഹിത്യകൃതിയെ ആസ്പദമാക്കി സാംസ്കാരിക മാതൃകയെ വിലയിരുത്തുക.
19. ആശയവതരണ ചോദ്യങ്ങൾ, വിമർശനാത്മക ചോദ്യങ്ങൾ എന്നിവ തമ്മിലുള്ള വ്യത്യാസം എന്ത് ?
20. അപ്പർ പ്രൈമറി ക്ലാസിലെ കുട്ടികളെ കഥാവായനയിലേക്ക് നയിയ്ക്കാനുതകുന്ന ഏതെങ്കിലും 4 പ്രവർത്തനങ്ങൾ തയ്യാറാക്കുക.
21. മലയാള നാടകങ്ങൾ സാമൂഹിക വിമർശനത്തിനും സാമൂഹിക നവീകരണത്തിനും എത്രത്തോളം സഹായകരമായിട്ടുണ്ട്.
22. സാഹിത്യവും സർഗ്ഗാത്മകതയും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.

23. ഏഴാം ക്ലാസിലെ കേരളപാഠാവലിയിലെ പാലക്കാടൻകാറ്റ് എന്ന പാഠഭാഗത്തെ മുൻനിർത്തി ഒരു കുറിപ്പ് തയ്യാറാക്കുക.
24. നമ്പ്യാർ കവിതയിലെ മുഖമുദ്രയാണ് കേരളീയത. പ്രൈമറി ക്ലാസിലെ പാഠപുസ്തകങ്ങളിൽ നിന്നും ഉദാഹരണങ്ങൾ കണ്ടെത്തി വ്യക്തമാക്കുക.
25. സരളവും ഋജുവുമായ ഭാഷാശൈലിയും അലങ്കാര സമൃദ്ധിയുമാണ് കൃഷ്ണഗാഥയുടെ പ്രത്യേകത. പ്രൈമറി ക്ലാസിലെ പാഠഭാഗങ്ങളെ ആസ്പദമാക്കി സമർത്ഥിക്കുക.
26. ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികളോട് കഥ പറയുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം ?

**(27 മുതൽ 28 വരെയുള്ള ചോദ്യങ്ങൾക്ക് 250 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 5 വീതം)**

27. മലയാള സാഹിത്യത്തിലെ കാവ്യപരിണാമത്തെ കുറിച്ചുള്ള അറിവ് ലഭിക്കുവാൻ പര്യാപ്തമാണ് പ്രൈമറി ക്ലാസിലെ പാഠപുസ്തകങ്ങൾ. വിലയിരുത്തുക.
28. ‘സാംസ്കാരിക വിനിമയം സാഹിത്യത്തിലൂടെ സാധ്യമാക്കുന്നുണ്ട്.’ നിങ്ങൾ വായിച്ച നോവലിനെ ആസ്പദമാക്കി ഈ പ്രസ്താവനയെ വിലയിരുത്തുക.

# Diploma in Education (D.Ed) Examination
## S3 P17 - ഭാഷാപഠനവും സാഹിത്യവും

Max Score: 60

Total : 2 Hours
Cool off time: 15 Minute

**നിർദ്ദേശങ്ങൾ**

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം
- ആദ്യത്തെ 15 മിനിറ്റ് (സമാശ്വാസം സമയം) ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ച് മനസ്സിലാക്കുന്നതിന് ഉപയോഗിക്കുക.

**(1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. 1 സ്കോർ വീതം)**

1. ബോധധാര നോവലുകൾക്ക് ഉദാഹരണമാണ് എം.ടി. രചിച്ച...............................?
   (രണ്ടാമൂഴം, നാലുകെട്ട്, മഞ്ഞ്, കാലം)
2. ശക്തിയുടെ കവി എന്നറിയപ്പെടുന്നത് ?
   (വൈലോപ്പിള്ളി, ഇടശ്ശേരി, ചങ്ങമ്പുഴ, വള്ളത്തോൾ)
3. 'ടോട്ടോചാൻ' ഏതു സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?
   (സഞ്ചാരസാഹിത്യം, ബാലസാഹിത്യം, നാടകം, വൈജ്ഞാനിരസാഹിത്യം)
4. 'ആട്ടക്കഥ' ഏതുകലയുടെ സാഹിത്യരൂപമാണ് ?
   (തുള്ളൽ, കൂത്ത്, കഥകളി, നാടകം)
5. 'തിങ്കളും താരങ്ങളും തൂവെള്ളിക്കതിർചിന്നും
   തുങ്കമാം വാനിൻ ചോട്ടിലാണെന്റ് വിദ്യാലയം' ആരുടെ വരികൾ ?
   (വള്ളത്തോൾ, ഒളപ്പമണ്ണ, ചങ്ങമ്പുഴ, വൈലോപ്പിള്ളി)

**(6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.)**

6. ജി.ശങ്കരപിള്ള ആരംഭിച്ച കുട്ടികളുടെ നാടക സമിതിയാണ്..................
7. നിരൂപണത്രയം എന്നറിയപ്പെടുന്ന നിരൂപകർ ആരെല്ലാം ?
8. ഈ വർഷത്തെ വയലാർ അവാർഡ് നേടിയ കൃതി.........................?
9. അധ്യാപക കഥകളെഴുതി പ്രശസ്തനായ സാഹിത്യകാരൻ.............................?
10. മലയാളത്തിലെ ആദ്യത്തെ രാഷ്ട്രീയ നാടകം ?

**(11 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.)**

11. കൃഷിപ്പാട്ടുകളുടെ സവിശേഷതകൾ എന്തെല്ലാം ?
12. മുക്തകം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
13. വീണിതല്ലോ കിടക്കുന്നു ധരണിയിൽ എന്ന പാഠഭാഗം നോവൽ സാഹിത്യത്തിലെ ഏതു വിഭാഗത്തിൽപ്പെടുന്നു. ?
14. എന്താണ് ശാസ്ത്രസാഹിത്യം ?
15. കുട്ടികളുടെ നാടകങ്ങൾക്കുണ്ടായിരിക്കേണ്ട സവിശേഷതകൾ എന്തെല്ലാം ?

**(16 മുതൽ 25 വരെ ചോദ്യങ്ങൾക്ക് 50 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.)**

16. അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്, മറക്കുടയ്ക്കുള്ളിലെ മഹാനരകം തുടങ്ങിയ നാടകങ്ങൾ ഒരു കാലഘട്ടത്തിൽ സാമൂഹിക മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.
17. വാങ്മയ ചിത്രങ്ങൾ കൃഷ്ണഗാഥയിൽ ധാരാളമായി കാണാം. പാഠപുസ്തകത്തിൽ നൽകിയിരിക്കുന്ന കവിതാഭാഗവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.
18. നാടൻ പാട്ടുകളെ സാഹിത്യത്തിലേക്കുള്ള ആദ്യ ചുവടുവെപ്പുകളായി കണക്കാക്കാം. ഈ പ്രസ്താവനയുടെ സാധ്യത പരിശോധിക്കുക.
19. സാഹിത്യത്തിലൂടെ സാംസ്കാരിക വിനിമയം സാധ്യമാവുന്നുണ്ടോ ? ഉദാഹരണ സഹിതം വിശദമാക്കുക.
20. ഭാഷാപഠനത്തിൽ വ്യവഹാരരൂപങ്ങൾക്ക് പ്രാധാന്യമുണ്ട്. ഏതെങ്കിലും രണ്ട് വ്യവഹാരരൂപങ്ങൾ അടിസ്ഥാനമാക്കി നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

21. 'ബഷീർ സാഹിത്യലോകത്തെ ഒറ്റപ്പെട്ട വൻമരം' വൈക്കും മുഹമ്മദ് ബഷീറിലെ കുറിച്ചുള്ള എം.എം.വിജയന്റെ അഭിപ്രായമാണിത്. ഇങ്ങനെ അദ്ദേഹം ചിന്തിച്ചതിന് കാരണമെന്തായിരിക്കും. നിങ്ങളുടെ കണ്ടെത്തലുകൾ രേഖപ്പെടുത്തുക.
22. 'അടയ്ക്ക പെറുക്കുന്നവർ' എന്ന പാഠഭാഗം സാഹിത്യപഠനത്തിലെ ഏതു മാതൃകയ്ക്ക് ഉദാഹരണമാണ് ?
23. ചങ്ങമ്പുഴയെ കാൽപനികതയുടെ വെള്ളി നക്ഷത്രമായി കണക്കാക്കാം. എപ്രകാരം ?
24. 'സഞ്ചാരസാഹിത്യ കൃതികൾ ഭൂമിശാത്രപരമായ വിവരണം കൂടിയാണ്. ഏതെങ്കിലും സഞ്ചാരസാഹിത്യ കൃതിയെ അടിസ്ഥാനമാക്കി ഈ പ്രസ്താവന എത്രത്തോളം ശരിയാണെന്ന് കണ്ടെത്തുക.
25. 'മലയാളത്തിലെ ജനകീയ കവിയാണ് കുഞ്ചൻ നമ്പ്യാർ' പ്രസ്താവന പരിശോധിക്കുക.

**(26, 27 ചോദ്യങ്ങൾക്ക് 200 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 5 വീതം)**

26. ഓരോ കാലഘട്ടത്തിലെയും സമൂഹത്തിന്റെ തുടിപ്പുകൾ നോവലുകളിലൂടെ വായിച്ചെടുക്കാം. നിങ്ങൾ വായിച്ച നോവലുകൾ ആസ്പദമാക്കി വിശദമാക്കുക.
27. സാഹിത്യ പഠനത്തിലെ മൂന്നു മാതൃകകൾ ഏവ ? പ്രൈമറി പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 'അശ്വതി' 'ഒരു മനുഷ്യൻ' എന്നീ കഥകൾ മുൻനിർത്തി ഈ മാതൃകകൾ പരിശോധിക്കുക.

# S3 Additional Questions

**(1 സ്കോർ വീതം)**

1. വിദ്യാഭ്യാസത്തിനുള്ള അനൗപചാരിക ഏജൻസിയേത് ?
(സ്കൂൾ, കുടുംബം, ലൈബ്രറി)
2. 'മനുഷ്യനിലുള്ള ശ്രേഷ്ഠതയെ വെളിപ്പെടുത്തലാണ് വിദ്യാഭ്യാസം' ഇതു പറഞ്ഞതാര് ?
(വിവേകാനന്ദൻ, ഗാന്ധിജി, ശ്രീനാരായണഗുരു)
3. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് നൽകുന്ന വിദ്യാഭ്യാസം

**(2 സ്കോർ വീതം)**

4. കേരളം സാക്ഷരതയിൽ മുൻപന്തിയിലെത്താനുള്ള കാരണങ്ങൾ എന്തെല്ലാം ?
5. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ ചുമതലകൾ എന്തെല്ലാം ?

**(3 സ്കോർ വീതം)**

6. റൂസ്സോയുടെ 'നെഗറ്റീവ് എജ്യൂക്കേഷൻ' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ?
7. 1986ലെ NDEയുടെ പ്രധാന കാഴ്ചപ്പാടുകൾ ഏവ ?
8. പഠനരീതിയെക്കുറിച്ചുള്ള പൗലോ ഫ്രെയറിന്റെ കാഴ്ചപ്പാടുകൾ ചൂണ്ടി കാണിക്കുക.
9. കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ ക്രസ്ത്യൻ മിഷനറിമാരുടെ പങ്കെന്ത് ? വിശദമാക്കുക.
10. രക്ഷിതാവ്, സമൂഹം, അധ്യാപകൻ എന്നിവരുടെ പഠന പ്രക്രിയയിലെ പങ്ക് വ്യക്തമാക്കുക.
11. നിങ്ങളുടെ അടുത്തുള്ള പ്രൈമറി സ്കൂൾ ശിശുസൗഹൃദമാണോ എന്നറിയാൻ ഒരു നിരീക്ഷണം നടത്താനാവശ്യമായ സൂചകങ്ങൾ എഴുതുക.
12. ഒരു സ്ഥാപനത്തിലെ പ്രധാനാധ്യാപകന്റെ ചുമതലകൾ എന്തൊക്കെയാണ് വിവരിക്കുക.

**(5 സ്കോർ വീതം)**

13. SDPയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ഒരു പ്രബന്ധം തയ്യാറാക്കുക.

# Additional Question

## S3 P17 - ഭാഷാപഠനവും സാഹിത്യവും

**(സ്കോർ 1 വീതം)**

1. വിജ്ഞാനപ്രദമായ ഗദ്യവിഭാഗത്തിന് ഒരു ഉദാഹരണം
2. സാഹിത്യ പഠനത്തിന്റെ മൂന്ന് സമീപനങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ പേരെഴുതുക.

**(സ്കോർ 2 വീതം)**

1. കവിതാബോധനത്തിൽ നിയോഗാഭ്യാസത്തിനുള്ള പ്രാധാന്യമെന്ത് ?
2. ആശാൻ സ്നേഹഗായകൻ എന്ന അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?
3. ആശാന്റെ ജീവിതവും കവിതയും - ലഘു കുറിപ്പ് തയ്യാറാക്കുക.
4. നമ്പ്യാർ കവിതയിലെ കേരളീയത - വിശദീകരിക്കുക.

**(സ്കോർ 3 വീതം)**

1. ചെറുകഥ, നോവൽ എപ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.
2. ഭാവഗീതങ്ങൾ എന്താണെന്ന് ഉദാഹരണ സഹിതം വിശദമാക്കുക.
3. മലയാളത്തിലെ ചരിത്ര നോവലുകൾ ഏവ ? വിശദീകരിക്കുക.

**(സ്കോർ 5 വീതം)**

1. ആശാൻ ഉള്ളൂർ വള്ളത്തോൾ - ഇവർ ആധിനിക കവിത്രയം എന്നറിയപ്പെടുമ്പോഴും ഭാഷാപരമായും പ്രമേയപരമായും ഇവരുടെ കവിതകൾ വ്യത്യസ്തത പുലർത്തുന്നു. സമർത്ഥിക്കുക.